# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ജൂൺ 2025



# തൃശൂർ തിരുഹൃദയ റോമൻ കാത്തലിക്ക് ലത്തീൻ പള്ളി

## കോട്ടപ്പുറം രൂപത





**ജൂൺ 8 ഞായർ**

## തിരുഹൃദയ തിരുനാൾ

**മെയ് 30 വെള്ളി മുതൽ**
**നവനാൾ ദിനങ്ങൾ**

6.30 AM, 10.30 AM, 4.30 PM, 7.00 PM

**ദിവ്യബലി, നൊവേന, ആരാധന**

**കൊടികയറ്റം ജൂൺ 3**

**പ്രസുദേന്തി തിരുനാൾ**
**ജൂൺ 9**

## വി. അന്തോണീസിന്റെ

# ഊട്ടുതിരുനാൾ

## ജൂൺ 10 ചൊവ്വ

YouTube
Sacred Heart Latin Catholic Church Thrissur
Everyday Live at 8 am & 7 pm

**SACRED HEART LATIN CHURCH, THRISSUR**
**A/c.No: 0299053000001255 IFSC : SIBL0000299**
**South Indian Bank, Mission Quarters Branch, Thrissur**

## തിരുനാളാഘോഷങ്ങൾ തത്സമയം

**Facebook page : Sacred-Heart-Latin-Church-Trissur**
**UTube Live: Sacred Heart Latin catholic Church Thrissur**
Email : latinsacredvoice@gmail.com

## പൊൻനാവ് നേർച്ച

**പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് വി. അന്തോണീസിന്റെ പൊൻനാവ് എടുത്തുവയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും.**


Rector : Rev. Fr. Antony Chillittassery
Sacred Heart Latin Church,
Kottapuram Diocese P.O-680 001
Thrissur, Kerala India.
Email : latinsacredvoice@gmail.com
**പ്രാർത്ഥനാസഹായത്തിന് – അന്വേഷണങ്ങൾക്ക്...**
**PH: 0487-2422655, 9995126380**




# ഗുരുസ്പർശം: ജീവിതത്തെ മാറ്റുന്ന ദൈവശബ്ദം...



**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

**പ**ഴയ വസ്തുക്കളുടെ ലേലത്തിന് ഒരിക്കൽ ഒരിടത്ത് വലിയ തിരക്കായിരുന്നു. ഓരോ വസ്തുവും അതിന് അർഹമായ വിലയ്ക്ക് വിൽക്കപ്പെടുന്നു. ഒടുവിൽ അവശേഷിച്ചേത് പഴയൊരു ഗിറ്റാറാണ്. തന്ത്രികൾ പൊട്ടിയ, പൊടിപിടിച്ച, ആരുടെയും കണ്ണിൽപ്പെടാത്തൊരു സംഗീത ഉപകരണം. ആരും അതിലേക്ക് തിരിഞ്ഞ് നോക്കിയില്ല. ഒരാൾ, '100 രൂപ' എന്ന് വെറുതെ വിളിച്ചു പറഞ്ഞു. അതിൽ കൂടുതൽ വില തമാശക്ക് പോലും മറ്റാരും പറഞ്ഞതുമില്ല. മറ്റു ലേലത്തിൽ പങ്കെടുക്കാനെത്തിയവർ മൂകസാക്ഷികളായി മാറിയപ്പോൾ, കൂട്ടത്തിൽ നിന്നൊരു മനുഷ്യൻ മുന്നോട്ട് നടന്നു വന്നു. അവൻ ഗിറ്റാർ എടുത്ത് പൊട്ടിയ തന്ത്രികൾ പതിയെ കെട്ടി, അല്പനേരം താളം ശരിയാക്കി, പതിയൊരു സംഗീതം വായിച്ചു തുടങ്ങി. നിശ്ശബ്ദമായിരുന്ന വേദി സംഗീതമയമായി.

പഴയതും ഉപേക്ഷിക്കപ്പെട്ടതുമായ ആ ഗിറ്റാറിൽ നിന്നും ഒരു അതിമനോഹരമായ ഗീതം ഉയർന്നു. സംഗീതം നിലച്ചപ്പോൾ, ആ മനുഷ്യൻ ആ ഗിറ്റാറിന് വില പറഞ്ഞു: 'ആയിരം രൂപ.' ജനക്കൂട്ടം അതിശയിച്ചുപോയി. പിന്നെ ഒരാൾ കൂട്ടി വിളിച്ചു: 'രണ്ടായിരം !' പിന്നെയും വേറൊരാൾ : 'മൂവായിരം !' അതിന്റെ വില കൂടികൊണ്ടിരുന്നു.

ആരൊക്കെ ആ ഗിറ്റാറിന് വില ഇല്ല എന്ന് കരുതിയിരുന്നോ അവർ തന്നെ തിരികെ വന്നു ആ ഗിറ്റാറിന് വേണ്ടി ലേലത്തിൽ പങ്കു ചേർന്നു. ആരൊക്കെ അവഗണിച്ചു കടന്നു പോയോ, അവർ അതിന് വിലകൂട്ടി വിളിച്ചു തുടങ്ങി.

ഒരാൾ ചോദിച്ചു: "ഈ പൊടിപിടിച്ച പഴയ ഗിറ്റാറിന് എന്താണ് ഇങ്ങനെ ഒരു വില ലഭിച്ചത്? "

കൂട്ടത്തിൽ നിന്നൊരു വൃദ്ധൻ മറുപടി പറഞ്ഞു:

**"The Master's Touch has made the Difference."**
**'ഗുരുവിന്റെ സ്പർശമാണ് മാറ്റം ഉണ്ടാക്കിയത്.'**

ഇതാണ് ജീവിതത്തിലെ ചില സ്പർശങ്ങൾക്കുള്ള ശക്തി. ചിലർ നമ്മെ തഴഞ്ഞേക്കാം, നമ്മുടെ കഴിവുകളെ അപമാനിച്ചേക്കാം, നമ്മെ ഉപയോഗശൂന്യരായി കണക്കാക്കിയേക്കാം. പക്ഷേ, ആരോ ഒരാൾ നമ്മിൽ തെളിയാതിരുന്ന ശബ്ദം കേൾക്കുന്നു. ആ ശബ്ദത്തിന് സ്വരരൂപം നൽകുന്നതാണ് ഗുരുവിന്റെ സ്പർശം.

**വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഏറ്റവും വലിയ ഉത്തരവാദിത്വം വിദ്യാർത്ഥികളിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകൾ കണ്ടെത്തുക, അവയുടെ വളർച്ചക്ക് വഴികാട്ടുക എന്നതാണ്. ഓരോ വിദ്യാർത്ഥിയുടെയും ഉള്ളിൽ മറഞ്ഞുകിടക്കുന്ന ഒരു കഴിവിന്റെ സംഗീതമുണ്ട്. അതിന് ഉണർവുനൽകുന്ന അധ്യാപകർക്ക് മാത്രമാണ് അവരുടെ ജീവിതത്തിൽ നീണ്ടുനിൽക്കുന്ന മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നത്.**



പാഠപുസ്തകങ്ങളിൽ മാത്രം ഒതുങ്ങിയ വിദ്യാഭ്യാസം ഒരു യഥാർത്ഥ വിദ്യാർത്ഥിയെ രൂപപ്പെടുത്തുന്നില്ല. മറിച്ച് അറിവിന്റെ പുറകെ അവരുടെ സ്വപ്നങ്ങളും, ആത്മവിശ്വാസവും, വ്യക്തിത്വവും വളരുമ്പോഴാണ് ആ രൂപീകരണം സാധ്യമാകുന്നത്. ആ വളർച്ചയ്ക്ക് പിറകിലുള്ള സഹായി ഒരു നല്ല ഗുരുവാണ്. അദ്ദേഹം മാത്രം മറ്റാരും വിശ്വസിക്കാത്ത വിദ്യാർത്ഥികളുടെ കഴിവുകളിൽ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ സ്പർശത്തിലൂടെ ആളുകൾ ഉപേക്ഷിച്ച (കണ്ടെത്താത്ത) അവരുടെ കഴിവുകൾക്ക് താളം പകർന്നു ജീവൻ കൊടുക്കുന്നു.

വിദ്യാർത്ഥികൾക്ക് പഠനത്തിനൊപ്പം ആത്മവിശ്വാസം, സാമൂഹിക പ്രതിബദ്ധത, വെല്ലുവിളികളെ അതിജീവിച്ചു മുന്നേറാനുള്ള ആന്തരികശക്തി എന്നിവ വളർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ യാത്രയിൽ അവരുടെ കൈപിടിച്ച് പ്രചോദനമാകുന്നവരാണ് അധ്യാപകർ ഗുരുവിന്റെ സ്പർശമായി മാറുന്നവർ.

നമ്മുടെ സമൂഹത്തിനും, സമൂഹത്തിന്റെ ആരോഗ്യമുള്ള വളർച്ചക്കും വിദ്യാർത്ഥികളിൽ ശരിയായ പരിവർത്തനം വരുത്തുന്ന അധ്യാപകരെയാണ് ഇന്നത്തെ കാലഘട്ടത്തിന് ആവശ്യം. കാരണം, 'ഗുരുവിന്റെ സ്പർശമാണ് മാറ്റം ഉണ്ടാക്കുന്നത്.'





*തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക്, ഹൃദയപരമാർഥതയോടെവിളിച്ചപേക്ഷിക്കുന്നവർക്ക്, കർത്താവു സമീപസ്ഥനാണ്.*

സങ്കീ 145:18

# ദിദിമോസ്

**കോട്ടപ്പുറം രൂപത ബുള്ളറ്റിൻ** **ജൂൺ 2025**



**രക്ഷാധികാരി**

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**

ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**

ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ

ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**

ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**

ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**

ഫാ. ലിജോ മാത്യു താണിപ്പിള്ളി

ശ്രീ. സിപ്പി പള്ളിപ്പുറം

ശ്രീ. ജോയ് ഗോതുരുത്ത്

ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**

ശ്രീമതി നിഷ സോജൻ



എഡിറ്റർ, ദിദിമോസ്, വികാസ്,

കോട്ടപ്പുറം – 680 667

ഫോൺ : 8281420078

didimoskottapuram@gmail.com


## താളുകളിൽ


*പൈതൃകാമുഖം*

**വിദ്യാഭ്യാസം : കൂട്ടുത്തരവാദിത്വം** ...................... 4

**ലെയോ പാപ്പ : ജീവിതവും ദൗത്യവും** ................. 6

**സംപൂർണ്ണം** ............................................. 9

**ഈ കാലഘട്ടത്തിന്റെ ജോലി സാദ്ധ്യതകൾ** .......... 10

**TRANSFER LIST OF PRIESTS** ................................ 15

*വിശ്വാസത്തിന്റെ വഴിത്താര*

**തിരുപ്പട്ടം** ............................................. 16

*കറുപ്പ്*

**ഭൂതോച്ചാടനം** ........................................ 18

**കത്തോലിക്കസഭയെ അറിയാം, പഠിക്കാം**
**വിശുദ്ധരുടെ നാമകരണ നടപടിക്രമങ്ങൾ** .......... 21

*അയൽക്കൂട്ടം*

**ക്രിസ്തുശിഷ്യരെ ബലപ്പെടുത്തുന്ന**
**ദിവ്യബലി** ............................................. 23

**രൂപത വാർത്തകൾ** ................................. 25

**പിതാവിന്റെ ഡയറി – ജൂൺ** ......................... 27

**ലോഗോസ് ക്വിസ് ഉത്തരം** ........................... 27

*വചനധ്യാനം*

**2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം** ...... 28






## പൈതൃകാമുഖം



# വിദ്യാഭ്യാസം : കൂട്ടുത്തരവാദിത്വം

**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**ഒ**രു അദ്ധ്യയന വർഷം കൂടി നമ്മുടെ മുന്നിൽ ആഗതമാകുന്നു. പഠിക്കുവാൻ വിദ്യാലയങ്ങളിലേക്കു പോകുന്ന മക്കളെ സംബന്ധിച്ച് കുറച്ചുകൂടി വളരുന്നു എന്നുവേണം പറയുവാൻ. നമ്മുടെ വളർച്ച ശാരീരികവും മാനസികവും ആത്മീയവുമാണ്. അതിനുള്ള ഏറ്റവും നീളമുള്ള ഏണിപ്പടിയാണ് വിദ്യാഭ്യാസ കാലഘട്ടം.

നമ്മുടെ പഠനകാലഘട്ടത്തെ നാം പറയുന്നത് അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതു മുതൽ മരണം വരെ (Womb to Tomb) എന്നാണ്. **ദൈവം നൽകുന്ന ജീവന് ജീവിതത്തിന്റെ ആദ്യ പാഠങ്ങൾ നൽകുന്നത് അമ്മ നൽകുന്ന ജീവശ്വാസത്തിലൂടെയാണ്.** അമ്മയും കുഞ്ഞും ഒന്നായി ജീവിക്കുമ്പോൾ അമ്മയ്ക്കു ചുറ്റുമുള്ളവർ നൽകുന്ന സംരക്ഷണത്തിന്റെ വേലിയും പരിചരണങ്ങളും കുഞ്ഞിന്റെ നെറുകയിൽ കിരീടം വയ്ക്കുന്ന അനുഭവങ്ങളാണ് കുഞ്ഞിനു നൽകുന്നത്. അമ്മയുമായുള്ള പുൽക്കൊടി ബന്ധം ഛേദിച്ച് പുറത്തു വരുന്ന കുഞ്ഞ് പുതിയ ലോകത്തിലേക്ക് ആശ്ചര്യത്തോടും ആകുലതയോടുംകൂടെയാണ് കടന്നുവരുന്നത്. തന്റെ ചെറിയ രാജ്യവും ചെറിയ ശരീരവും കടന്ന് ഇനി വലിയ ലോകവും വലിയ ശരീരത്തിന്റെ കാഴ്ചപ്പാടുകളിലേക്ക് തുഴയണമെന്ന ഭീതിപ്പെടുത്തുന്ന യാഥാർത്ഥ്യം കുഞ്ഞ് മനസ്സിലാക്കുന്നു.

വീടിന്റെ സംരക്ഷണവും വീട്ടുകാരുടെ പരിലാളനയും ഏറ്റുവാങ്ങി ഒരു രാജകീയ സുഖം അനുഭവിച്ചുകൊണ്ടിരിക്കുന്ന സമയത്ത് സ്കൂളിലേക്കുള്ള അധ്യാപകരുടെയും കൂട്ടുകാരുടെയും നീളുന്ന കരങ്ങൾ ആദ്യമൊക്കെ കഴുത്തിൽ കുടുങ്ങുന്ന ഗദ്ഗദങ്ങളും, കണ്ണിൽ നിന്നും വീഴുന്ന ജലബോംബുകളുമായി പതിക്കുമ്പോൾ വാശിയും അലസതയും സങ്കടവും പുകമറയാക്കി അമ്മയുടെ സാരിത്തലപ്പിലും അപ്പന്റെ കഴുത്തിൻ ചില്ലയിലും കുടിയേറുവാനുള്ള കുഞ്ഞിക്കിളി കണക്കെയുള്ള പരിശ്രമങ്ങളൊക്കെ വിഫലമാവുകയാണ് അദ്ധ്യയന വർഷാരംഭത്തോടെ.

സ്കൂളുകളും കോളേജുകളും സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും പ്രോത്സാഹനത്തിന്റെയും ജന്മഗേഹമാകുമ്പോൾ ക്ലാസ്സുകൾ തുറക്കുവാനുള്ള സമയത്തിനായി വിദൂരതയിൽ ചൂളംവിളിക്കായ് കാതോർക്കുന്ന യാത്രികന്റെ കൗതുകം അകമ്പടിയാകുന്നു.



*അപ്പോൾ നിങ്ങൾ എന്നെ വിളിച്ചപേക്ഷിക്കും; എന്റെ അടുക്കൽവന്നു പ്രാർഥിക്കും.
ഞാൻ നിങ്ങളുടെ പ്രാർഥന ശ്രവിക്കും.*

ജെറെ 29:12



**വിദ്യാഭ്യാസത്തിന് അധ്യാപകരും കൂട്ടുകാരും പാഠപുസ്തകങ്ങളും പോലെതന്നെ വീടും വീട്ടുകാരും നാടും നാട്ടുകാരും സ്കൂളും കോളേജും അന്തരീക്ഷവുമൊക്കെ സ്വാധീനിക്കുന്നുണ്ട്. ചിട്ടയായ ശീലങ്ങൾ അഭ്യസിപ്പിക്കുന്ന മാതാപിതാക്കൾ, മാതൃകയോടെ പഠിപ്പിക്കുന്ന അധ്യാപകർ, പ്രോത്സാഹനത്തിന്റെയും തെറ്റു തിരുത്തലിന്റെയും ദീപങ്ങളേന്തുന്ന കൂട്ടുകാർ. ഇവയൊക്കെ വളർച്ചയുടെ വഴിത്താരയിലെ പൊൻകിരണങ്ങളാണ്.**

എന്നാൽ ഉള്ളിന്റെയുള്ളിലുള്ള വളരുവാനും സ്വപ്നം കാണുവാനും ഉദിച്ചുയരുവാനുള്ള തൃഷ്ണ, അത് നമ്മുടെ ഉള്ളിന്റെയുള്ളിൽ കൊത്തിവച്ചിരിക്കുന്നു. ദൈവത്തിന്റെ സ്വപ്നവും നമ്മുടെ ഓരോരുത്തരുടെയും സ്വപ്നവും ഒന്നായിത്തീരുമ്പോൾ നമ്മുടെ യാത്രകൾക്ക് ഒരു ദിശാബോധം ലഭിക്കുന്നു. ഓരോ തവണയും ഓരോ പഠിതാവും ചിന്തിക്കേണ്ടത് എന്റെ പഠനംകൊണ്ട് എനിക്കും എന്റെ വീട്ടുകാർക്കും എന്റെ ദേശത്തിനും ഈ ലോകത്തിനും കൂടുതൽ വെളിച്ചം പകരുവാൻ കഴിയുന്നുണ്ടോ എന്നുള്ളതാണ്.

ആദ്യമായി സ്കൂളുകളിലേക്ക് പോകുന്നവർക്ക് ചിണുക്കത്തിന്റെ കുടക്കീഴിൽ നിന്നും പുറത്തുവരാൻ കഴിയട്ടെ. ഉയർന്ന ക്ലാസ്സുകളിലേക്ക് പോകുന്ന മക്കൾക്ക് കൂടുതൽ ദിശാബോധവും ഉൾക്കാഴ്ചയും ഉണ്ടാകട്ടെ. സ്കൂളുകളുടെയും കോളേജുകളുടെയും അവസാന നാളുകളിലായിരിക്കുന്നവർ മൂല്യബോധവും ധാർമ്മികതയും ഉള്ളവരായി പരിലസിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഗുരുവാകുന്ന അധ്യാപകർ ലഘുവാകുന്ന വിദ്യാർത്ഥി സമൂഹത്തെ മാതൃക കൊണ്ടാണ് ചലിപ്പിക്കേണ്ടത്. വാക്കുകളേക്കാൾ ജീവിത മാതൃകയുടെ സുഗന്ധം പരത്തുവാൻ എല്ലാ ഗുരുഭൂതന്മാർക്കും കഴിയട്ടെ. മാതൃകകളെ നോക്കിക്കാണുവാനുള്ളതല്ല, അവ പ്രാവർത്തികമാക്കുവാനുള്ളതാണ് എന്ന ബോധ്യത്തോടെ എല്ലാ പഠിതാക്കളും ഉണർന്നെഴുന്നേൽക്കട്ടെ. മാതാപിതാക്കൾ മക്കളുടെ വളർച്ചയിൽ കൂടെനിന്ന് പ്രവർത്തിക്കുക. സങ്കൽപ്പ ലോകത്തിന്റെ മായാലോകത്തു നിന്നും തങ്ങളുടെ മക്കളെ യഥാർത്ഥത്തിൽ തിരിച്ചറിയുവാൻ മാതാപിതാക്കൾക്കും കഴിയട്ടെ. ■

## CONTRIBUTION TO THE SEMINARY FORMATION

| NAME OF PARISH | AMOUNT | NAME OF PARISH | AMOUNT |
|---|---|---|---|
| ST. ANTONY'S CHURCH KURIYAPILLY | 6600 | ST.SEBASTIN'S CHURCH GOTHURUTH | 10,000 |
| ST. FRANCIS CHURCH THURUTHIPURAM | 15,000 | ST. FRANCIS XAVIER'S CHURCH SAMPALOOR | 31,000 |
| LOURDES MATHA CHURCH KURISINGAL | 10,000 | BASILICA OF OUR LADY OF SNOW PALLIPORT | 20,050 |
| ST. ANTONY'S CHURCH MALAPALLIPUAM | 20,000 | JAPAMALARAJNI CHURCH CHERAYI | 20,500 |
| ST.DON BOSCO CHURCH N.PARAVUR | 12,090 | ST.THOMAS CHURCH AZHIKODE | 9,680 |
| ST.MICHAL'S CATHEDRAL KOTTAPURAM | 25,600 | HOLY FAMILY CHURCH CHALAKUDY | 25,000 |



# ലെയോ പാപ്പ
## ജീവിതവും ദൗത്യവും



വെരി റവ. മോൺ. റോക്കി
റോബി കളത്തിൽ

**ആഗോള കത്തോലിക്കാ സഭയുടെ 267-ാമത്തെ പാപ്പയായി അമേരിക്കയിൽ നിന്നുള്ള കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് തിരഞ്ഞെടുക്കപ്പെട്ടത് സന്തോഷത്തോടെയാണ് വിശ്വാസീസമൂഹം സ്വീകരിച്ചത്. പുതിയ സഭാതലവൻ ലെയോ പതിനാലാമൻ എന്ന പേരാണ് സ്വീകരിച്ചിരിക്കുന്നത്. കോൺക്ലേവ് കൂടി രണ്ടാം ദിനമാണ് മെയ് 8 ന് പുതിയ പാപ്പയെ കർദിനാൾ സംഘം തിരഞ്ഞെടുത്തത്. യുഎസിൽ നിന്നുള്ള ആദ്യ പാപ്പയാണ് 69 കാരനായ കർദിനാൾ റോബർട്ട് പ്രെവോസ്റ്റ്.**

### കുടുംബപശ്ചാത്തലം

1955 സെപ്റ്റംബർ 14 ന് ഫ്രഞ്ച് - ഇറ്റാലിയൻ വംശജനായ ലൂയി മാരിയസ് പ്രെവോസ്റ്റിന്റെയും സ്പാനിഷ് വംശജയും ന്യൂ ഓർലിയൻസ് സ്വദേശിയായ മിൽഡ്രഡ് മാർട്ടിനെസിന്റെയും മകനായി യുഎസിലെ ഇല്ലിനോയിസിലെ ബ്രോൺസ് വില്ലയിലാണ് റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് ജനിച്ചത്. ലൂയിസ് മാർട്ടിൻ, ജോൺ ജോസഫ് എന്നിവരാണ് സഹോദരങ്ങൾ. പിതാവ് ലൂയിസ് മാരിയസ് രണ്ടാം ലോകമഹായുദ്ധകാലത്ത് നാവികസേനയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പിന്നീട് ചിക്കാഗോയുടെ തെക്കൻ പ്രാന്തപ്രദേശങ്ങളിലെ സ്കൂളുകളുടെ സൂപ്രണ്ടായി ജോലി ചെയ്തു. എജുക്കേഷനിൽ മാസ്റ്റേഴ്സ് ബിരുദമുണ്ടായിരുന്ന അമ്മ മിൽഡ്രഡ് മാർട്ടിനെസ് ലൈബ്രേറിയനായിരുന്നു. ചിക്കാഗോയുടെ തെക്ക് ഭാഗത്തുള്ള സെന്റ് മേരി ഓഫ് ദ അസംപ്ഷൻ പള്ളിയിൽ അൾത്താര ബാലനായി സേവനമനുഷ്ഠിച്ചും ഗായക സംഘത്തിൽ അംഗമായും തന്റെ ദൈവാലയ ശുശ്രൂഷക്ക് റോബർട്ട് പ്രെവോസ്റ്റ് തുടക്കം കുറിച്ചു.

### അഗസ്റ്റീനിയൻ സഭയിലേക്ക്

1973 ൽ ഓർഡർ ഓഫ് സെന്റ് അഗസ്റ്റിന്റെ മൈനർ സെമിനാരിയിൽ നിന്ന് അദ്ദേഹം സെക്കന്ററി പഠനം പൂർത്തിയാക്കി. 1977 - ൽ വില്ലനോവ സർവകലാശാലയിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബാച്ചിലർ ബിരുദം നേടി. അവിടെ തന്നെ തത്വശാസ്ത്ര പഠനവും നടത്തി. ആഗസ്റ്റീനിയൻ സഭയിൽ 1978 സെപ്തംബർ 2 ന് ആദ്യവ്രത വാഗ്ദാനവും 1981 ആഗസ്റ്റ് 29 ന് നിത്യ വ്രതവാഗ്ദാനവും നടത്തി.

1982 ൽ ചിക്കാഗോയിലെ കാത്തലിക് തിയോളജിക്കൽ യൂണിയനിൽ നിന്ന് ബിരുദാനന്തര ബിരുദം നേടി. 27-ാം വയസിൽ കാനൻ നിയമം പഠിക്കാൻ റോമിലെ സെന്റ് തോമസ് അകിനാസ് പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിലെത്തി. 1982 ജൂൺ 19 ന് റോമിലായിരുന്നു വൈദീകപട്ട സ്വീകരണം. 1984 ൽ ലൈസൻഷ്യേറ്റും 1987 ൽ ഡോക്ടറേറ്റും പൂർത്തിയാക്കി.

**ഉന്നതപദവികളിലേക്ക്**

ഫാ. റോബർട്ട് പ്രെവോസ്റ്റ് അമേരിക്കയിൽ അഗസ്റ്റീനിയൻ സഭയിലെ മദർ ഓഫ് ഗുഡ് കൗൺസിൽ പ്രോവിൻസിലെ വൊക്കേഷൻ മിഷൻ ഡയറക്ടറായി സേവനമനുഷ്ഠിച്ചു. തുടർന്ന് 1988 മുതൽ 1998 വരെ പെറുവിൽ വിവിധ തസ്തികകളിൽ മിഷണറിയായി സേവനം ചെയ്തു. ട്രുജില്ല അതിരൂപത ജുഡീഷ്യൽ വികാറായും പ്രവർത്തിച്ചു (1989-98). സെന്റ് കാർലോസ് - സെന്റ് മാർസലോ മേജർ സെമിനാരിയിലെ പ്രൊഫസറുമായിരുന്നു. 1999 ൽ ചിക്കാഗോയിലെ അഗസ്റ്റീനിയൻ സഭയുടെ മദർ ഓഫ് ഗുഡ് കൗൺസൽ പ്രോവിൻസിന്റെ പ്രോവിൻഷ്യലായി. അതേതുടർന്ന് രണ്ട് തവണ അഗസ്റ്റീനിയൻ സഭയുടെ പ്രയർ ജനറലായും പ്രവർത്തിച്ചു (2001-2013). 2014 നവംബർ 3 ന് പെറുവിലെ ചിക്ലായോ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിതനായ അദ്ദേഹം **2014 ഡിസംബർ 12-ന് ചിക്ലായോയിലെ സെന്റ് മേരീസ് കത്തീഡ്രലിൽ മെത്രാഭിഷേകം സ്വീകരിച്ചു. 2015 സെപ്റ്റംബർ 26-ന് അദ്ദേഹത്തെ ചിക്ലായോയുടെ ബിഷപ്പായി പരിശുദ്ധ സിംഹാസനം നിയമിച്ചു.** പെറുവിലെ ബിഷപ്സ് കോൺഫ്രൻസിന്റെ വൈസ് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

2019 ജൂലൈ 13 ന് റോമിലെ വൈദീകർക്കു വേണ്ടിയുള്ള കോൺഗ്രിഗേഷന്റെ മെമ്പറായും 2020 നവംബർ 21 ന് മെത്രാൻമാർക്കു വേണ്ടിയുള്ള കോൺഗ്രിഗേഷന്റെ മെമ്പറായും ഫ്രാൻസിസ് പാപ്പ അദ്ദേഹത്തെ നിയമിച്ചു. 2020 ഏപ്രിൽ 15 ന് പെറുവിലെ കല്ലാവോ (Callao) രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായും അദ്ദേഹം നിയമിതനായി. 2023 ജനുവരി 30 ന് ഫ്രാൻസിസ് പാപ്പ അദ്ദേഹത്തെ മെത്രാന്മാർക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്രീഫെക്ടായും ലാറ്റിൻ അമേരിക്കയ്ക്ക് വേണ്ടിയുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ പ്രസിഡന്റായും നിയമിച്ച് ആർച്ച് ബിഷപ്പ് സ്ഥാനത്തേക്ക് ഉയർത്തി. 2024 സെപ്തംബർ 30 ന് കർദിനാൾ പദവി നല്കി. 2025 മെയ് 8 ന് കത്തോലിക്ക സഭയുടെ പരമാചാര്യനായി പാപ്പസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

**ചില പ്രത്യേകതകൾ**

പുതിയ പാപ്പയ്ക്ക് ഇംഗ്ലീഷ്, സ്പാനിഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, പോർച്ചുഗീസ് ഭാഷകൾ സംസാരിക്കാൻ കഴിയും. കൂടാതെ ലാറ്റിൻ, ജർമ്മൻ എന്നിവ വായിക്കാനും കഴിയും. പെറുവിലും അമേരിക്കയിലുമായി പാപ്പയ്ക്ക് ഇരട്ട പൗരത്വവുമുണ്ട്. ഒരു അമേച്വർ ടെന്നീസ് കളിക്കാരനാണ് പാപ്പ. വായനയും സംഗീതവും ഇഷ്ടപ്പെടുന്നു. പെറുവിൽ വച്ച് ഫുട്ബോളിനോട് അഭിനിവേശമുണ്ടായിരുന്നു. **പാപ്പ അഗസ്റ്റീനിയൻ സഭയുടെ ജനറലായിരിക്കെ 2004 ലും 2006 ലും കേരളത്തിലെത്തിയിട്ടുണ്ട്.** പെറുവിലായിരുന്നപ്പോൾ ജനങ്ങളുടെ വേദനകളിൽ അവരോടൊപ്പം നിന്ന അജപാലകനായിരുന്നു ലെയോ പാപ്പ.

**നിലപാടുകളും വിലയിരുത്തലുകളും**

ദ്വിമുഖ ദൗത്യമാണ് ഓരോ പാപ്പയ്ക്കും നിർവഹിക്കാനുള്ളത്. ലോകമെമ്പാടുമുള്ള 140 കോടി കത്തോലിക്കാ വിശ്വാസികളുടെ ആത്മീയാചാര്യൻ എന്ന നിലയിൽ വിശ്വാസം മുറുകെ പിടിച്ചും മൂല്യങ്ങൾ കൈവിടാതെയും വിശ്വാസി സാഗരത്തെ നന്മയുടെ പാതയിൽ ക്രിസ്തുവിലേക്ക് അടുപ്പിക്കുക എന്ന ദൗത്യം നിർവഹിക്കാനുള്ള ദൈവവിളിയാണ് ഒന്നാ

മത്തേത്. സഭയുടെ ഭരണനിർവഹണവും നയ രൂപീകരണവുമൊക്കെ ഈ ഗണത്തിൽപ്പെടുന്ന ചുമതലകളാണ്. വത്തിക്കാൻ രാഷ്ട്ര തലവനെന്ന നിലയിൽ രാജ്യാന്തര വിഷയങ്ങളിൽ മനുഷ്യത്വപരവും നീതിപക്ഷത്തു നിൽക്കുന്നതുമായ നിലപാടുകൾ എടുത്ത് തിരുത്തൽ ശക്തിയായി നിലകൊള്ളുക എന്ന രാഷ്ട്രീയ ദൗത്യമാണ് രണ്ടാമത്തെത്. കത്തോലിക്കാ സഭയുടെ മൂല്യങ്ങളുടെ തീഷ്ണതയും അജഗണ കേന്ദ്രീകൃതമായ ശുശ്രൂഷ രീതിയും സമന്വയിപ്പിക്കുന്ന വ്യക്തിയെ തിരഞ്ഞെടുക്കുകയാണ് ലക്ഷ്യമെന്ന് കോൺക്ലേവിന് മുൻപുതന്നെ കർദിനാൾമാർ അഭിപ്രായപ്പെട്ടിരുന്നു. കർദിനാൾ പ്രെവോസ്റ്റിൽ കോൺക്ലേവ് അംഗങ്ങൾ ദർശിച്ചത് ഇത്തരത്തിലുള്ള ഒരു വ്യക്തിത്വമായിരിക്കണം.

"സമാധാനം നിങ്ങളോടുകൂടെ" എന്നാണ് സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ കാത്തുനിന്ന വിശ്വാസികളോട് ലെയോ പതിനാലാമൻ പാപ്പ ആദ്യമായി പറഞ്ഞത്. ലോകം യുദ്ധങ്ങളുടെയും അസമാധാനത്തിന്റെയും കരിനിഴലിൽ കഴിയുമ്പോൾ ലോക സമാധാനത്തിനു വേണ്ടി പ്രവർത്തിക്കുകയാണ് തന്റെ ദൗത്യം എന്നത് പരിശുദ്ധപിതാവ് അടിവരയിടുകയായിരുന്നിരിക്കാം. വളരെ വൈകാരികമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. സഭയുടെ മിഷണറി സ്വഭാവത്തെയും സാമൂഹ്യനീതിയെയും സംഭാഷണങ്ങളിലൂടെ പണിയേണ്ട പാലങ്ങളേയും കുറിച്ചും അദ്ദേഹം സംസാരിച്ചു. ചത്വരത്തിൽ കൂടിനിന്ന ജനക്കൂട്ടത്തിനുനേർക്ക് കൈവീശിക്കാണിച്ച് സ്നേഹോഷ്മളതയോടെയാണ് അദ്ദേഹം പ്രസംഗം തുടങ്ങിയത്.

മിതവാദിയായി അറിയപ്പെടുന്ന വ്യക്തിയാണ് ലെയോ 14-ാമൻ പാപ്പ. അധികം സംസാരിക്കില്ല, ആഴത്തിൽ കാര്യങ്ങൾ മനസിലാക്കും, കാമ്പുള്ള സംശയങ്ങൾ ചോദിക്കും എന്നൊക്കെയാണ് പാപ്പയെകുറിച്ച് പലരും പറയുന്നത്. മാധ്യമങ്ങളിൽ നിന്ന് അകലം പാലിച്ചയാളെന്നാണ് ഇറ്റാലിയൻ മാധ്യമ പ്രവർത്തകരിൽ ചിലർ അദ്ദേഹത്തെ പറ്റി അഭിപ്രായപ്പെട്ടത്. ഭരണത്തേക്കാൾ വിശ്വാസത്തിന് മുൻഗണന നൽകണമെന്ന അഭിപ്രായക്കാരനാണ് അദ്ദേഹം. അശരണരുടേതാണ് തന്റെ പക്ഷമെന്നായിരുന്നു പെറുവിലുൾപ്പെടെ അദ്ദേഹം വ്യക്തമാക്കിയത്.'യുഎസ് സൂപ്പർ പവറിനോട് ചേർന്നു നിൽക്കാൻ താൽപ്പര്യപ്പെടുന്നയാളല്ല, നിലപാടുകളോടുള്ള വിമർശനങ്ങൾ തുറന്നു പറയുന്ന, ലോകനേതാക്കൾക്കൊപ്പം തലയെടുപ്പു നേടുമെന്ന് ഉറപ്പുള്ളയാളാണ് പാപ്പയെന്നാണ് കർദിനാൾമാരിൽ പലരുടെയും അഭിപ്രായം. ഏറെ പറയില്ലായിരിക്കാം, എന്നാൽ പറയേണ്ടത് പറയും എന്നാണ് അവർ ഉറപ്പിച്ചു പറയുന്നത്. ഫ്രാൻസിസ് പാപ്പയുടെയും ബെനഡിക്റ്റ് പതിനാറാമൻ പാപ്പയുടെയും ശൈലികൾ ചേരുന്ന വ്യക്തിത്വമെന്ന് ലെയോ 14-മൻ പാപ്പയെ വിശേഷിപ്പിക്കുന്നവരുണ്ട്. സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മട്ടുപ്പാവിലേക്ക് വന്നപ്പോൾ ധരിച്ച വസ്ത്രത്തിൽ ബെനഡിക്റ്റ് പാപ്പയുടെ സാന്നിധ്യം കണ്ടവരുണ്ട്. സ്വീകരിച്ച പേരിലും പറഞ്ഞ വാക്കുകളിലും ഫ്രാൻസിസ് പാപ്പയുടെ ശൈലി വായിച്ചെടുത്തവരുമുണ്ട്. പരിസ്ഥിതി സംരക്ഷണം, അഭയാർത്ഥികളുടെയും കുടിയേറ്റക്കാരുടെയും പ്രശ്നങ്ങൾ, പുനഃർവിവാഹിതർക്ക് ദിവ്യകാരുണ്യം നൽകൽ, വനിതകൾക്ക് ഡീക്കൻപട്ടം നൽകൽ തുടങ്ങിയവയിൽ ഫ്രാൻസിസ് പാപ്പയുടെ നിലപാടിനൊപ്പം ആയിരുന്നു കർദിനാൾ പ്രെവോസ്റ്റ്.

**കർദിനാൾ പ്രെവോസ്റ്റ് ദയാവധം, ഗർഭഛിദ്രം, വധശിക്ഷ എന്നിവയെ ശക്തമായി എതിർത്ത വ്യക്തിയാണ്. ചിക്ലായോയിൽ ആയിരുന്ന കാലത്ത് പെറുവിലെ വെനിസ്വേലൻ അഭയാർത്ഥികളെ അദ്ദേഹം പിന്തുണച്ചു. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെയും വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസിന്റെയും കീഴിലുള്ള യുഎസ് കുടിയേറ്റ നയങ്ങളെ വിമർശിച്ചു. സ്വവർഗാനുരാഗ**

**ജീവിതശൈലിയോടും സ്വവർഗ കുടുംബങ്ങളോടും ജനകീയ സംസ്കാരത്തിന്റെ സഹതാപത്തെയും അദ്ദേഹം വിമർശിച്ചു.**

**ചില വെല്ലുവിളികൾ**

വിശ്വാസം, സമാധാനം, മനുഷ്യാവകാശങ്ങൾ, സാമൂഹ്യനീതി, മതസൗഹാർദ്ദം എന്നിവയെ സംബന്ധിക്കുന്ന വിഷയങ്ങളിൽ പാപ്പയ്ക്ക് ശക്തമായി ഇടപെടേണ്ടതുണ്ട്. സഭയുടെ ആന്തരിക നവീകരണം മുതൽ ആഗോള വിഷയങ്ങൾ വരെ അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ട വെല്ലുവിളികളാണ്. ക്രൈസ്തവ മൂല്യങ്ങൾക്ക് ഉണ്ടായിരുന്ന പരമ്പരാഗത മേൽക്കൈ മോശം വന്ന ഒരു കാലഘട്ടത്തിലൂടെയാണ് ലോകം കടന്നുപോകുന്നത്. സഭയിൽ നിന്ന് അകന്നുപോകുന്ന യുവജനതയെ സഭയോടൊപ്പം നിർത്തുക എന്നതും എളുപ്പമായ കാര്യമല്ല. എൽജിബിടി വിഷയങ്ങൾ, സഭയിൽ സ്ത്രീകളുടെ സ്ഥാനം, സ്വവർഗ ദമ്പതികളെ ആശീർവ്വദിക്കൽ എന്നീ വിഷയങ്ങളിൽ പാപ്പയ്ക്ക് നയപരമായ സമീപനം എടുക്കേണ്ടതുണ്ട്. 2025 ലെ സിനഡ് സമ്മേളനം, റോമൻ കൂരിയയിലെ പുതിയ നിയമനങ്ങൾ എന്നിവയെയും ലോകം ഉറ്റുനോക്കുന്നുണ്ട്. വി. ജോൺ പോൾ പാപ്പയുടെ പ്രവാചക ധീരതയും, ബെനഡിക്റ്റ് 16 – മൻ പാപ്പയുടെ ദൈവശാസ്ത്ര അടിസ്ഥാനവും, ഫ്രാൻസിസ് പാപ്പയുടെ ജനകീയ ശൈലിയും സമന്വയിപ്പിക്കുന്ന ഒരു ശൈലി പിൻതുടരാൻ ലെയോ 14-ാമൻ പാപ്പയ്ക്ക് കഴിയുമോ എന്ന് ലോകം വീക്ഷിക്കുന്നു. പ്രത്യേകിച്ച് കൂടിയാലോചിച്ച് മുന്നോട്ടു പോകുന്ന സിനഡൽ രീതിയും പാരമ്പര്യ രീതിയും ഒന്നിച്ചു ചേർത്ത് പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിയുമെന്നു തന്നെയാണ് അദ്ദേഹത്തെക്കുറിച്ച് അറിയുന്നവരും പ്രവർത്തനങ്ങളെ വിലയിരുത്തുന്നവരും അഭിപ്രായപ്പെടുന്നത്. ■

**കവിത**






**ജീന കളത്തിൽ**

വിദ്യയെന്നാൽ ദിവ്യമായൊന്ന്,
സർവ്വ പ്രപഞ്ചത്തെയും തൊട്ടറിയും
ദൈവജ്ഞാനത്തിന്റെ ഓഹരി

ലഭിക്കുന്തോറും ഹൃത്തിൽ
വീണ്ടും ജനിക്കുവാൻ
പ്രേരണയാകുന്നയൊന്ന്

അറിവും ജ്ഞാനവും
ഒരുപാടറിഞ്ഞു നേടിയെന്നിട്ടും
ഇനിയുമെന്തൊക്കെയോ അറിയാനുണ്ടെന്നറിവ്

ഭൗതികമായറിവല്ല ദൈവികമായ ജ്ഞാനം
അത് അപൂർണ്ണമായറിവിനെ
സംപൂർണ്ണമാക്കും ദൈവിക ദാനമാണ്.

ആർജിക്കുമറിവിൽ അറിയാതെ
നിറയുന്ന ചൈതന്യമായി ജ്ഞാനം

അക്ഷരങ്ങൾ വിരൽതൊട്ടു വായിക്കും
കുഞ്ഞിന്റെ നാവിൽ നിന്നുതിരുന്ന
വാക്കുകളേക്കാളേറെ സുന്ദരമാണത്.

അറിവിൽ നിന്നുയരുന്ന ജ്ഞാനം
ഭയപ്പെട്ടിരുന്നൊരിരുട്ടിനെ
പതിയെ വകഞ്ഞു മാറ്റുന്നു

ജ്ഞാനത്താൽ തെളിയുന്ന തിരിയെന്നും
കെടാതെ എരിയട്ടെയുള്ളിൽ






*തയ്യാറാക്കിയത്:*

**കെ. സി. വൈ. എം., ജപമാല രാജ്ഞി ദൈവാലയം, തുരുത്തിപ്പുറം**

**നല്ല ജോലി എന്നത് ഓരോ വ്യക്തിയുടെയും ഒരു വലിയ ആഗ്രഹമാണ്. ജീവിതത്തിൽ 'കരിയർ' നിർണായക ഘടകമായതിനാൽ, അതിന്റെ ഗുണനിലവാരവും അതിലൂടെ ലഭിക്കുന്ന ആത്മസംതൃപ്തിയും ഓരോ വ്യക്തിയുടെയും ഭാവിയെ നിർണയിക്കുന്നതാണ്. ഏറ്റവും മികച്ച വിദ്യാഭ്യാസം നേടിയാലും അതിന്റെ ഫലമായി ലഭിക്കുന്ന നല്ല ജോലി മാത്രമാണ് ഒരു വ്യക്തിക്ക് ആത്മവിശ്വാസവും, സുരക്ഷിതത്വവും നൽകുന്നത്. ഈ വർത്തമാന കാലഘട്ടത്തിൽ ഒട്ടനവധി ത്രസിപ്പിക്കുന്ന ജോലി സാധ്യതകൾ നമ്മുടെ സമൂഹത്തിൽ ധാരാളമായിട്ടുണ്ട്. ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനായി തയ്യാറെടുക്കുന്ന എല്ലാ കുഞ്ഞനുജർക്കുംവേണ്ടി ഏറ്റവും മനോഹരമായ ചില ജോലി സാധ്യതകൾ ചുവടെ ചേർക്കുന്നു.**

## ● എത്തിക്കൽ ഹാക്കിങ്



ഇന്നത്തെ നമ്മുടെ എല്ലാ പണമിടപാടുകളും ബാങ്കിങ്ങും നടക്കുന്നത് ഓൺലൈൻ വഴിയാണ്. അതിന് സുരക്ഷിതമായിട്ടുള്ള സാഹചര്യം ഒരുക്കുക എന്നത് വളരെ വെല്ലുവിളി നിറഞ്ഞതാണ്. എല്ലാ കമ്പനികളും ഒരു എത്തിക്കൽ ഹാക്കറുടെ സഹായം തേടാറുണ്ട്. എല്ലാ യുവജനങ്ങൾക്കും ആത്മസംതൃപ്തിയും ഉയർന്ന ശമ്പളവും വാഗ്ദാനം ചെയ്യുന്ന ഒരു ജോലി സാധ്യതയാണ് 'Ethical Hacking'.

എത്തിക്കൽ ഹാക്കർ എന്നത് ഒരു സൈബർ സുരക്ഷാ വിദഗ്ധനാണ്. കമ്പനികൾ, സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ അനുമതിയോടെ അവരുടെ

സിസ്റ്റങ്ങൾ അതിക്രമിക്കാനുള്ള ശ്രമം നടത്തുന്നു. എന്നാൽ ലക്ഷ്യം, സുരക്ഷാദുർബലതകൾ കണ്ടെത്തുകയും, സുരക്ഷ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ്. പെനട്രേഷൻ ടെസ്റ്റിങ്, നെറ്റ്‌വർക്ക് സ്കാനിംഗ്, വെബ്സൈറ്റ് സെക്യൂരിറ്റി അനാലിസിസ്, സിസ്റ്റം അഡ്മിനിസ്ട്രേഷൻ പരിശോധന, പാസ്സ്‌വേർഡ് ഹാക്കിങ് എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഇന്ത്യയിലും, വിദേശ കമ്പനികളിലും ഉയർന്ന ശമ്പളം വാഗ്ദാനം ചെയ്യുന്ന ജോലി മേഘലയാണ് എത്തിക്കൽ ഹാക്കിങ്.

Institutes :- * Amity University - Noida, Mumbai
* VIT University - Vellore
* SRM Institue of Science and Technology - Chennai

## ● പെർഫ്യൂഷൻ ടെക്നിഷ്യൻ



ആരോഗ്യരംഗത്ത് അത്യന്തം പ്രധാനപ്പെട്ട കരിയർ മാർഗമാണ് പെർഫ്യൂഷൻ ടെക്നിഷൻ. ഹൃദയ ശാസ്ത്രക്രിയകളുടെ സമയത്ത്, ഹൃദയവും ശ്വാസകോശവും താൽകാലികമായി പ്രവർത്തന രഹിതമാകുമ്പോൾ, രക്തം ശരീരത്തിലുടനീളം പമ്പ് ചെയ്യുകയും ഓക്സിജൻ നൽകുകയും ചെയ്യുന്ന ഹൃദയ- ശ്വാസകോശ യന്ത്രം പ്രവർത്തിപ്പിക്കുക എന്നതാണ് ഇവരുടെ ചുമതല.

ഹൃദയ ശസ്ത്രക്രിയകളിൽ, ഹൃദയ ഫ്യൂവൽ ബൈപാസ് മെഷീൻ ഓപ്പറേറ്റ് ചെയ്യുകയാണ് ഒരു ടെക്നിഷ്യന്റെ പ്രധാന ഉത്തരവാദിത്തം. ഓപ്പറേഷൻ സമയത്ത് രോഗിയുടെ രക്തത്തിലെ ഓക്സിജൻ അളവ്, മറ്റു ജീവശക്തി സൂചകങ്ങൾ നിരീക്ഷിക്കുകയും തകരാറുകൾ പരിഹരിക്കുകയും ചെയ്യുന്നു. ശസ്ത്രക്രിയ ടീം അംഗങ്ങളായ ഡോക്ടർമാരോടും അനസ്തോളജിസ്റ്റുകളോടും ഒപ്പം സഹകരിക്കുന്നു.

Institutes :- *All India Institute of medical science (AIIMS)- New Delhi
*Amrita Institute of Medical Sciences (AIMS)-Kochi, Kerala
*Christian Medical College (CMC)-Vellore, Tamil Nadu

## ● ഫാഷൻ ഡിസൈനിങ്



ക്രിയേറ്റീവ് ആയിട്ടുള്ള ഐഡിയകൾ ഉള്ളവർക്ക് നിസ്സംശയം തെരഞ്ഞെടുക്കാൻ പറ്റുന്ന ഒരു മേഖലയാണ് ഫാഷൻ ഡിസൈനിങ്. പ്രതിദിനം പുതിയ ഫാഷനുകൾ ഉടലെടുക്കുമ്പോൾ ഡിസൈനറുടെ ഡിമാന്റും വർധിക്കുന്നുണ്ട്.

ഫാഷൻ ഡിസൈനിങ് എന്നത് വസ്ത്രങ്ങൾക്കും ആക്സസറികൾക്കും ഉള്ള രൂപകൽപ്പനയുടെ ശാസ്ത്രവും കലയുമായും ചേർന്ന സൃഷ്ടിപരമായ ഒരു രംഗമാണ്. ഓരോ

കാലഘട്ടവും അനുസരിച്ച് വ്യത്യസ്തമായ ട്രെന്റുകൾ മാറിക്കൊണ്ടിരിക്കുന്ന ഈ മേഖലയിലൂടെ ആലോചന ശേഷിയും സൃഷ്ടി പരിധിയും ഉപയോഗപ്പെടുത്തി പുതിയ രൂപങ്ങൾ സൃഷ്ടിക്കാം. ഫാഷൻ മേഖലയിൽ ജോലി ചെയ്യുന്നതിന്റെ മറ്റൊരു പ്രധാന ആകർഷണം സിനിമാതാരങ്ങൾ സെലിബ്രിറ്റികൾ എന്നിവരുമായുള്ള സമ്പർക്കവും മോഡലുകൾ ബന്ധങ്ങളും ഒക്കെയാണ്. ഇത്തരത്തിലൂടെ ഫാഷൻ ഡിസൈനർമാർക്ക് സമൂഹത്തിൽ വളരെ നല്ല അവസരങ്ങൾ ആണുള്ളത്. അപ്പാരൽ ഡിസൈനിങ്, ടെക്സ്റ്റൈൽ ഡിസൈനിങ്, ആക്സസറി ഡിസൈനിങ് എന്നിവയാണ് ഈ ജോലിയുടെ പ്രധാന മേഖലകൾ. B.sc fashion designing, M.Sc fashion designing എന്നിവ വഴി പ്രവേശനം നേടാം.

Institutes :- *National Institute of Fashion Technology (NIFT)
*Pearl Academy (New Delhi, Mumbai)
*Institute of Fashion Technology (Chennai)

## ● ജി എസ് ടി സ്കിൽ




ഇന്ത്യയുടെ പുതിയ നികുതി സംവിധാനം ജി എസ് ടി ഓരോ സ്ഥാപനത്തിന്റെയും ബിസിനസിന്റെയും പ്രധാന ഭാഗമായിരിക്കുന്നു. അക്കൗണ്ടിംഗ്, ഫിനാൻസ്, ടാക്സ് കൺസൾട്ടിംഗ്, മേഖലകളിൽ മികച്ച ജോലി അവസരങ്ങൾ കാത്തിരിക്കുന്നു.

ജി എസ് ടി എന്നത് ഇന്ത്യയിലെ ഏകജാലകം നികുതി സംവിധാനമാണ്. വിവിധതരം പദവികളിൽ 232 നികുതികളെ ഏകീകരിച്ച് സാധനങ്ങളും സേവനങ്ങളും വിൽക്കുന്നതിനുള്ള നികുതി സംവിധാനം ഇന്നത്തെ കാലത്ത് ഏറെ പങ്കുവഹിക്കുന്നതാണ്. ജിഎസ്ടി രജിസ്ട്രേഷൻ, ഇൻവോയ്സിംഗ്, റിട്ടേൺ ഫയലിംഗ് ടാക്സ് കണക്കാക്കൽ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് മുതലായ വിഷയങ്ങളിൽ വിദഗ്ധത കൈവരിക്കുന്നത് അക്കൗണ്ടിംഗ്, ഫിനാൻസ്, ബിസിനസ് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ ജോലി അന്വേഷിക്കുന്നവർക്കും ബിസിനസുകാർക്കും ഏറെ സഹായകമാണ്. B.com, M.com ഫിനാൻസ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവസരം നേടാം.

Institutes :- *National Academy of customs, Indirect Taxes and Narcotics (NACIN).
*Institute of Chartered Accountants of India (ICAI).

## ● ലോജിസ്റ്റിക്സ്



വാണിജ്യരംഗത്തും വ്യവസായ രംഗത്തും ലോജിസ്റ്റിക്സ് വളരെ നിർണായകമായ പങ്കാണ് വഹിക്കുന്നത്. സൈനിക മേഖലയിലും, ദുരന്ത സഹായ പ്രവർത്തനങ്ങളിലും, ആരോഗ്യരംഗത്തു ലോജിസ്റ്റിക്സ് അത്യന്തം പ്രധാന്യമുണ്ട്.



അവരെല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകും എന്ന് പ്രവാചക ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. പിതാവിൽ നിന്നു ശ്രവിക്കുകയും പഠിക്കുകയും ചെയ്തവരെല്ലാം എന്റെ അടുക്കൽ വരുന്നു.
യോഹ 6:45

ലോജിസ്റ്റിക് എന്നത് സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദനകേന്ദ്രത്തിൽ നിന്ന് ഉപഭോക്താക്കളിലേക്ക് എത്തിച്ചേരുന്നതിന്റെ പൂർണ്ണ പ്രവർത്തന രീതിയെയാണ് സൂചിപ്പിക്കുന്നത്. വെയർ ഹൗസിംഗ്, ട്രാൻസ്പോർട്ടേഷൻ, ഇവന്റ് മാനേജ്മെന്റ്, ഇൻവെന്ററി മാനേജ്മെന്റ്, ഡിസ്ട്രിബ്യൂഷൻ ഇവയെല്ലാം ഇതിൽ അടങ്ങിയവയാണ്. വ്യാപാരത്തിന്റെ അഭിവൃദ്ധിക്ക് അനിവാര്യമായ ഭാഗമാണ് ഇപ്പോഴത്തെ ആധുനിക ലോകത്ത് ഇ കൊമേഴ്സ്, റീട്ടെയിൽ ഉത്പാദനം തുടങ്ങിയവയിൽ ഇത് വലിയ പങ്കുവഹിക്കുന്നു. Bachelor degree course, Masters degree Certificate/deploma course, course (1/2 year) എന്നിവ വഴി പ്രവേശനം നേടാം.

Institutes :- *Indian Institute of Hospital (IIL), Chennai
*Amity University (Nooida) Mumbai
*Manipal Academy of Higher Education (MAHE), Manipal

## ● സ്കൂബ ഡൈവിംഗ്



സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് ഒരു അത്ഭുതകരമായ സഞ്ചാരനുഭവം നൽകുന്നതുപോലെ, അണ്ടർവാട്ടർ വെൽഡിങ്, അതിന്റെ ഭാഗമായി സമുദ്രതലത്തിൽ ടെക്നിക്കൽ കഴിവുകൾ പ്രയോഗിക്കുന്ന ഒരു അതിമനോഹരമായ തൊഴിലാണ്. വെള്ളത്തിനടിയിൽ ലോഹങ്ങൾ സംയോജിപ്പിക്കുന്ന ഒരു പ്രത്യേക ട്രേഡ് ജോലിയാണ് സ്കൂബ ഡൈവിംഗ്.

"SCUBA" എന്നത് ഒരു 'Self Contained Underwater Breathing Apparatus' എന്നതിന്റെ ചുരുക്കരൂപമാണ്. സ്വന്തമായി ശ്വസിക്കാവുന്ന ഉപകരണങ്ങൾ ഉപയോഗിച്ച് വെള്ളത്തിനടിയിൽ ചെന്ന് വിശേഷദൃശ്യങ്ങൾ കാണുക എന്നാണ് അർത്ഥം 'Underwater Welding' ഇതിന്റെ മറ്റൊരു പ്രേത്യേകതയാണ്. ജലനിരപ്പിന് താഴെ വൈദ്യുതമോ മറ്റ് സാങ്കേതിക മാർഗങ്ങളിലൊ വെൽഡിംഗ് ജോലി ചെയ്യുന്നതിനുള്ള ഒരു പ്രേത്യേക ജോലിയാണ് ഇത്. മുങ്ങി കപ്പലുകളുടെ മെറ്റൽ ഭാഗങ്ങൾ അറ്റകുറ്റപ്പണി ചെയ്യുക, എണ്ണ / ഗ്യാസ് പ്ലാറ്റ്ഫോർമുകളുടെയും, നാവിക ഡോക്കുകളുടെയും അറ്റകുറ്റപ്പണികളാണ് പ്രധാനമായും വരുന്നത്.

Institutes :- *Dive India - Havelock
*Planet Scuba India - Bengaluru
*Lacadives - Lakshadweep



## ● ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ

ആരോഗ്യ മേഖലയിലെ മറ്റൊരു കരിയർ അവസരമാണ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ.

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നത് ഒരു ആശുപത്രിയുടെയും മറ്റു ആരോഗ്യ സ്ഥാപനങ്ങളുടെയും വിന്യസവും നടത്തിപ്പും കൃത്യമായി നിയന്ത്രിക്കുന്ന പ്രക്രിയയാണ്. ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുക, രോഗികൾക്ക് മികച്ച സേവനം ഉറപ്പാക്കുക, സാമ്പത്തിക മാനേജ്മെന്റ് അടിസ്ഥാന സൗകര്യങ്ങളുടെയും നിയന്ത്രണവും ചെയ്യുക എന്നിവയാണ് പ്രധാന ഉദ്ദേശങ്ങൾ. എം എച്ച് എ എന്നത് രണ്ടു വർഷത്തെ പിജി പ്രോഗ്രാം ആണ്. ആരോഗ്യപരിപാലന രംഗത്തും മാനേജ്മെന്റ് രംഗത്തുമുള്ള കാര്യങ്ങളും നിയമവശങ്ങളും ഇതിൽ പഠിപ്പിക്കുന്നു. ആരോഗ്യമേഖലയിലെ ചട്ടങ്ങളുടെയും പരിജ്ഞാനം മെഡിക്കൽ സോൺ, മെഡിക്കൽ ബാഗ്രൗണ്ടുകൾ ഉള്ളവർക്കും ഒരു ഹോസ്പിറ്റൽ ഹെൽത്ത് കെയർ സെറ്റിങ്ങിൽ ഭരണ മാനേജ്മെന്റ് അവലോകന ചുമതലകൾ ഏറ്റെടുക്കാൻ അവസരം ഒരുക്കുന്ന ഈ കരിയർ മുഖ്യമായ കോഴ്സാണ്. ആരോഗ്യരംഗം ഇന്നും ഭാവിയിലും വളരുന്നതായതിനാൽ ഈ കോഴ്സിന് വലിയ തൊഴിൽ സാധ്യതയാണ് ഉള്ളത്.

Institutes :- * All India Institute of Medical Science (ALLMS), Delh
* Tata institute of social science (TISS), mumbai
* Symbiosis Institute of Health Science (SIHS), Pune.

## ● ഓഫീസ് അഡ്മിനിസ്ട്രേഷൻ



ഏതൊരു സ്ഥാപനത്തിന്റെയും കൃത്യമായ പ്രവർത്തനത്തിന് പിന്നിൽ കരുത്തുപകരുന്ന ജോലി സാധ്യതയുള്ള ഒരു മേഖലയാണ് ഓഫീസ് അഡ്മിനിസ്ട്രേഷൻ. ഈ മേഖലയിൽ നിരവധി തൊഴിൽ അവസരങ്ങൾ സ്വകാര്യ/സർക്കാർ / വിദ്യാഭ്യാസ /ആരോഗ്യ /കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ ലഭ്യമാണ്.

ഓഫീസ് അഡ്മിനിസ്ട്രേഷൻ എന്നത് ഒരു സ്ഥാപനത്തിലെ എല്ലാ ഓഫീസ് പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്താൻ സഹായിക്കുന്ന ശാഖയാണ്. ഫയൽ കൈകാര്യം, ഡാറ്റ എൻട്രി, അഡ്മിനിസ്ട്രേറ്റീവ് സഹായം, കമ്മ്യൂണിക്കേഷൻ, ഓഫീസ് മാനേജ്മെൻറ് തുടങ്ങിയവ ഇതിന്റെ ഭാഗമായി വരുന്നു. ഇ-മെയിലുകൾ, ഫോൺ കോളുകൾ, കസ്റ്റമർ എൻക്വയറികൾ കൈകാര്യം ചെയ്യുക, ഓഫീസ് മീറ്റിംഗ് ഷെഡ്യൂൾസ് എന്നിവ മാനേജ് ചെയ്യുക എന്നുള്ളതും മറ്റൊരു പ്രത്യേകതയാണ്. Bachelor of Business Administration (BBA), Deploma in Office Administration, Certificate in office Management എന്നിവയിലൂടെ ഓഫീസ് അഡ്മിനിസ്ട്രേഷന് അവസരം നേടാം.

Institutes :- *Kerala University -Thiruvananthapuram
*Adi Institute of Management.
*Mahatma Gandhi University -kottayam

■



നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ കൃപയിലും അവനെക്കുറിച്ചുള്ള അറിവിലും നിങ്ങൾ വളരുവിൻ. അവന് ഇപ്പോഴും എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ! ആമേൻ.

2 പത്രോ 3:18

## TRANSFER LIST OF PRIESTS - MAY 2025 - Diocese of Kottapuram

1 Fr Francisco Padamadan - Episcopal Vicar for the Religious
2 Fr Joseph Olattupuram - Vicar, Church of Our Lady of Good Counsel, Keezhupadam
3 Fr John Maria Sequera - Spiritual Director, Assisi Old Age Home, Kallur
4 Fr Tomy Srampikkal - Vicar, St Vincent Ferror Church, Chathanad
5 Fr Prince Padamattumal - Vicar, Don Bosco Church, Paravur
6 Fr Paul Kuriappilly - Vicar, St George Church, Madaplathuruth
7 Fr Jackson valiaparambil - Vicar, St. Sebastian's Church, Gothuruth
8 Fr Babu Muttikkal - Spiritual Director, Grace of Heaven, Thrissur
9 Fr Joshy Muttikkal - Vicar, St. Thomas Church, Thuruthur
10 Fr Binu Mukkath - Vicar, St. Antony's Church, Cheriappilly
11 Fr Joy Kallarakkal - Vicar, O.L of Perpetual Help, Kuruvillassery
12 Fr Albert Konath - Vicar, Church of Our Lady of Fatima, Eriyad
13 Fr Biju Thomas Palaparambil - Vicar, Sacred Heart Church, Areepalam
14 Fr Antony Chillittassery - Rector & Vicar, Sacred Heart Church, Thrissur
15 Fr Antony Benoy Arakkal - Rector, St Francis of Assisi Seminary, Manalikad
16 Fr Lijo Mathews Thanippilly - Priest-in Charge, Japamala Church, Cherai
17 Fr Paul Thomas Kalathil - Vicar, St. Antony's Church, Malapallipuram
18 Fr Jose S Kottapuram - Priest-in Charge, St Antony's Church, Kuttikad
19 Fr Antus Puthenveettil - Director Jubilee Home & Chaplain, Don Bosco Hospital, Paravur
20 Fr Alex Elenjikkal - Vicar, St. Jude Church, Methala & Promotor, CLC
21 Fr Jose Olattupurath - Priest-in Charge, St Sebastian's Church, VP Thuruth (Kpm)
22 Fr Linu Puthenchakkalakkal - Vicar, St Joseph's Church, Peechi
23 Fr Jibin Kunjeluparambil - Asst. Financial Administrator + special charge- Kunnamkulam
24 Fr Nimesh Kattassery - Director, KIDS
25 Fr Thomas Kolarikkal - Vicar, St John Vianney Church, Kedamangalam
26 Fr Shiju Kallarakkal - Asst. Director, Don Bosco Hospital, Paravur
27 Fr Joseph Maliyakkal - Vicar, Little Flower Church, Koottukad
28 Fr Dias valiyamarathungal - Pastoral Ministry, USA
29 Fr Joby Sebastian Kattassery - Director, VIKAS
30 Fr Sijo Velikkakathott - Associate Director, VIKAS
31 Sr. Mary Melna D'Cotha - Asst. Director, Family Apostolate and BCC
32 Msgr. Rockey Roby Kalathil - Vicar Substitute, St. Michael's cathedral, Kottapuram
33 Fr. Shabu Kunnathoor - Director Substitute, Family Apostolate and BCC
34 Fr. Jojo Payyappilly - Co-ordinator, Laity Ministry
35 Sr. Stein CTC - Director, KLCWA
36 Fr Sibin Francis Kallarakkal - Asst. Co-ordinator, Education Ministry
37 Bro. Joy Assisi - Asst. Director, Charismatic Movement
38 Fr Noel Kurisinkal - Regional Secretary for KRLCC Commission for Migrants

## പെസഹാ വ്യാഴാഴ്ചയിലെ പ്രീസ്റ്റ് സൊസൈറ്റിയിലേക്കുള്ള പ്രത്യേക പിരിവ്

| | | |
|---|---|---|
| 1 | Sacred Heart Church, Areepalam | 5,850 |
| 2 | St. Antony's Church, Koorkamattom | 3,500 |
| 3 | St. Vincent Ferrer Church, Chathanad | 20,000 |
| 4 | Infant Jesus Church, Kadakkara | 2,500 |
| 5 | Church of Our Lady Imma. Conception, Cheruvyppu | 7,000 |
| 6 | St. Joseph's Church, Cottolengo | 5,000 |
| 7 | Fathima Matha Church, Eriyad | 4,220 |
| 8 | St. Sebastian's Church, Gothuruth | 43,670 |
| 9 | Sacred Heart Church, Valiyapazhampillythuruth | 3,000 |
| 10 | Church of Our Lady of Velankanni, Kadapuram | 5,000 |
| 11 | Mount Carmel Church, Kara | 4,000 |
| 12 | St.John Mary Vianney Church, Kedamangalam | 1,500 |
| 13 | Church, of Our Lady of Good Counsel, Kizhupadam | 60,000 |
| 14 | Littile Flower Church, Kottukad | 20,000 |
| 15 | St. Michael's Cathedral, Kottapuram | 30,000 |
| 16 | St. Jude's Church, Methala | 10,000 |
| 17 | St. Sebastian's Church, Valiyapanikkanthuruth | 2,000 |
| 18 | Christ The King Church, Krishnankotta | 5,417 |
| 19 | St. Francis Xavier's Church, Kunjithai | 8,500 |
| 20 | St. Joseph's Church, Kurumbathuruth | 10,000 |
| 21 | Church of Our Lady of Perp. Succour, Kuruvilassery | 5,440 |
| 22 | St. George's Church, Madaplathuruth | 15,000 |
| 23 | St. Antony's Church, Malapallipuram | 54,622 |
| 25 | St. Joseph's Church, Muttickal | 1,350 |
| 26 | Japamalaranji Church, Thuruthipuram | 3175 |
| 27 | Nithya SahayaMatha Church, Manalikad | 8,830 |
| 28 | St. Paul's Church, Manacherikkunu | 30,000 |
| 29 | St. Joseph's Church, Mathilakam | 23,000 |
| 30 | JapamalaRanjiChurch, Cherai | 6,000 |
| 31 | St. Joseph's Church, Peechi | 3,300 |
| 32 | St. Sebastian's Church, Poyya | 14,160 |
| 33 | St. FranciS Xavier's Church, Sampaloor | 8,850 |
| 34 | Sacred Heart Church, Thrissur | 42,530 |
| 35 | St. Jude's Church, Kuttanallur | 5,000 |
| 36 | St. Francis Assisi Church, Thiruthipuram | 16,800 |
| 37 | St. Thomas Church, Thuruthoor | 14,000 |
| 38 | Mary Matha Church, Vettilapara | 2,500 |
| 39 | St. Antony's Church, Kuriappilly | 5,404 |
| 40 | Sanjos Bhavan, Mulamkunnathkavu | 2,000 |
| 41 | St. Don Bosco Church, Paravur | 10,000 |

നിങ്ങളുടെ സ്നേഹം ജ്ഞാനത്തിലും എല്ലാത്തരത്തിലുമുള്ള വിവേചനാശക്തിയിലും ഉത്തരോത്തരം വർധിച്ചുവരട്ടെ എന്നു ഞാൻ പ്രാർഥിക്കുന്നു.
ഫിലി 1:9



## വിശ്വാസത്തിന്റെ വഴിത്താര...

# തിരുപ്പട്ടം



**ഫാ. സിജോ വേലിക്കകത്തോട്ട്**
മതബോധന ഡയറക്ടർ

**രണ്ടുമാസത്തെ അവധിക്കാലം കഴിഞ്ഞ് വിദ്യാലയങ്ങളിലേക്കും കലാലയങ്ങളിലേക്കും തിരികെ പോകാനുള്ള ഒരുക്കത്തിലാണ് എല്ലാവരും. അല്ലേ? അതുമാത്രമല്ല, SSLC, Plus Two പഠനങ്ങൾ പൂർത്തിയാക്കി ഇനി പുതിയൊരു ചുവടുവയ്പ്പിനായി ഒരുങ്ങി നിൽക്കുമ്പോൾ ദൈവവിളിയെക്കുറിച്ച് ഗൗരവമായി ചിന്തിക്കുവാനും വൈദിക ജീവിതാന്തസ്സിലേക്ക് ചുവടുവയ്ക്കുവാനുമുള്ള പ്രചോദനം ലഭിക്കുവാനുമായി സഭയുടെ ഏഴു കൂദാശകളിൽ ഒന്നായ 'തിരുപ്പട്ടം' എന്ന കൂദാശയെക്കുറിച്ചുള്ള സഭാപഠനങ്ങൾ നമുക്കു പരിശോധിക്കാം.**

ക്രിസ്തു തന്റെ അപ്പസ്തോലന്മാരെ ഭരമേൽപ്പിച്ച ദൗത്യം യുഗാന്ത്യത്തോളം സഭയിൽ നിർവ്വഹിക്കപ്പെടുന്നത് തിരുപ്പട്ടം എന്ന കൂദാശയിലൂടെയാണ്. അത് അപ്പസ്തോലിക ശുശ്രൂഷയുടെ കൂദാശയാണ്. അതിനു മൂന്നു പദവികളുണ്ട്; മെത്രാൻ പട്ടം, പുരോഹിത പട്ടം, ഡീക്കൻ പട്ടം. പുരാതന റോമിൽ 'ഓർദോ' (Ordo) എന്ന പദം വ്യവസ്ഥാപിതമായ ഭരണ സമിതിയെയാണ് സൂചിപ്പിച്ചിരുന്നത്. 'പട്ടം കൊടുക്കുക' (Ordinatio) എന്നാൽ ഈ സമിതിയിൽ ചേർക്കുക എന്നാണർത്ഥം. എന്നാൽ ഇന്ന് "പട്ടം കൊടുക്കൽ" എന്ന പദം മെത്രാൻമാരുടെയോ പുരോഹിതന്മാരുടെയോ ഡീക്കന്മാരുടെയോ പദവിയിലേക്ക് ആരെയെങ്കിലും സ്വീകരിക്കുന്ന കൗദാശിക കർമ്മത്തിനു വേണ്ടി മാത്രമാണ് ഉപയോഗിക്കുന്നത്. ഇതിലൂടെ "വിശുദ്ധമായ അധികാരം" പ്രയോഗിക്കുന്നതിന് പ്രാപ്തമാക്കുന്ന പരിശുദ്ധാത്മാവിന്റെ വരം പ്രദാനം ചെയ്യപ്പെടുന്നു. പട്ടം കൊടുക്കലിനെ 'പ്രതിഷ്ഠാ കർമ്മം' എന്നും വിളിക്കുന്നു. കാരണം, ക്രിസ്തു തന്റെ സഭയ്ക്കു വേണ്ടി നടത്തുന്ന വേർതിരിക്കലും ദൗത്യമേൽപ്പിക്കലുമാണത് (CCC 1537-1538).

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പഠനമനുസരിച്ച് "മെത്രാഭിഷേകത്തിൽ തിരുപ്പട്ട കൂദാശയുടെ തികവ് നൽകപ്പെടുന്നു." മെത്രാഭിഷേകം വിശുദ്ധീകരണ കർമ്മത്തോടൊപ്പം പഠിപ്പിക്കുവാനും ഭരിക്കാനുമുള്ള ചുമതലയും നൽകുന്നു. തന്മൂലം മെത്രാന്മാർ അവർക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിനാൽ വിശ്വസ്തരും വിശ്വാസ പ്രബോധകരും മദ്ധ്യസ്ഥരും അജപാലകരുമായിരിക്കുന്നു (CCC 1558). ക്രിസ്തുവിന്റെ പ്രതിനിധി എന്ന നിലയിൽ ഓരോ മെത്രാനും തനിക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന പ്രാദേശിക സഭയുടെ അജപാലനം നിർവ്വഹിക്കുകയും അതേസമയം മെത്രാൻ പദവിയിലുള്ള തന്റെ എല്ലാ സഹോദരന്മാരോടും ഒന്നുചേർന്ന് എല്ലാ സഭകളുടെയും കാര്യത്തിൽ താല്പര്യം പ്രദർശിപ്പിക്കുകയും ചെയ്യുന്നു.



അവനിൽ വേരുറപ്പിക്കപ്പെട്ടും പണിതുയർത്തപ്പെട്ടും നിങ്ങൾ സ്വീകരിച്ച വിശ്വാസത്തിൽ ദൃഢതപ്രാപിച്ചും കൊണ്ട് അനർഗളമായ കൃതജ്ഞതാപ്രകാശനത്തിൽ മുഴുകുവിൻ.

കൊളോ 2:7

തിരുപ്പട്ട കൂദാശകളിൽ രണ്ടാമത്തേതാണ് പൗരോഹിത്യം. ക്രിസ്തു അപ്പസ്തോലന്മാരെ ഏൽപ്പിച്ച ദൗത്യത്തിൽ തിരുപ്പട്ട കൂദാശ വഴി പുരോഹിതർ പങ്കുചേരുന്നു. പൗരോഹിത്യ പദവിയിൽ നിയോഗിക്കപ്പെടേണ്ടതിനും മെത്രാന്മാരെ ക്രിസ്തു ഏൽപ്പിച്ചിരിക്കുന്ന അപ്പസ്തോലിക ദൗത്യത്തിന്റെ ശരിയായ നിർവ്വഹണത്തിനു സഹായിക്കേണ്ടതിനും മെത്രാൻ പദവിയുടെ സഹപ്രവർത്തകരായി തീരേണ്ടതിനുമായി മെത്രാന്മാരുടെ ശുശ്രൂഷാധർമ്മം അല്പം താഴ്ന്ന പദവിയിൽ പുരോഹിതന്മാർക്ക് നൽകപ്പെട്ടു (CCC 1562). ഈ കൂദാശയിലൂടെ പുരോഹിതൻ പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ഒരു സവിശേഷ മുദ്രകൊണ്ട് അടയാളപ്പെടുത്തുകയും ശിരസ്സായ ക്രിസ്തുവിന്റെ വ്യക്തിത്വത്തിൽ പ്രവർത്തിക്കാൻ കഴിയത്തക്കവിധം പുരോഹിതനായ ക്രിസ്തുവിനോട് അനുരൂപപ്പെടുകയും ചെയ്യുന്നു (CCC 1563). അവർ അഭിഷിക്തരായിരിക്കുന്നത് സുവിശേഷം പ്രസംഗിക്കുവാനും, ദൈവജനത്തെ നയിക്കുവാനും, ദൈവാരാധന നടത്തുവാനുമാണ്. മെത്രാന്മാരുടെ സംഘത്തിലെ വിവേകമതികളായ സഹപ്രവർത്തകരും സഹായികളും ഉപകരണങ്ങളുമായ പുരോഹിതർ ദൈവജനത്തിന്റെ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടിരിക്കുന്നു. പട്ടം സ്വീകരിക്കുന്ന വേളയിൽ വൈദികൻ മെത്രാനോടു നടത്തുന്ന അനുസരണ വാഗ്ദാനവും, തിരുപ്പട്ട ശുശ്രൂഷയുടെ അവസാന ഭാഗത്ത് അർപ്പിക്കപ്പെടുന്ന സ്നേഹചുംബനവും അദ്ദേഹം അവരെ തന്റെ സഹപ്രവർത്തകരും, പുത്രരും, സഹോദരരും, സുഹൃത്തുക്കളുമായി പരിഗണിക്കുന്നുവെന്നും പകരം അവർ അദ്ദേഹത്തെ സ്നേഹിക്കുവാനും, അനുസരിക്കുവാനും ബാധ്യസ്ഥരാണെന്നുമാണ് അർത്ഥമാക്കുന്നത് (CCC 1567). തിരുപ്പട്ട ശുശ്രൂഷാകർമ്മത്തിൽ മെത്രാനു ശേഷം എല്ലാ വൈദികരും, വൈദികാർത്ഥിയുടെ മേൽ കൈകൾ വയ്ക്കുന്നത് വൈദിക കൂട്ടായ്മയുടെയും ഐക്യത്തിന്റെയും ആരാധനാപരമായ പ്രകാശനമാണ് (CCC 1568).

തിരുപ്പട്ട കൂദാശകളിൽ മൂന്നാമത്തേത് ഡീക്കൻ പട്ടമാണ്. ശുശ്രൂഷയ്ക്കുവേണ്ടിയാണ് അവർ നിയോഗിക്കപ്പെടുന്നത്. ഡീക്കൻ പട്ടം നൽകുമ്പോൾ മെത്രാൻ മാത്രമാണ് അർത്ഥിയുടെമേൽ കൈവയ്ക്കുന്നത്. ശുശ്രൂഷാ ദൗത്യത്തിൽ ഡീക്കന് മെത്രാനുമായുള്ള പ്രത്യേക അടുപ്പമാണ് ഇത് സൂചിപ്പിക്കുന്നത്. ക്രിസ്തുവിന്റെ ദൗത്യത്തിലും കൃപയിലും ഡീക്കന്മാർ പ്രത്യേകമായ വിധത്തിൽ പങ്കുപറ്റുന്നു. ഡീക്കൻപട്ടം നൽകുമ്പോൾ മായ്ക്കാനാവാത്ത ഒരു മുദ്ര അവരിൽ പതിപ്പിക്കപ്പെടുന്നു. അതിലൂടെ ദൈവിക രഹസ്യങ്ങളുടെ ആഘോഷത്തിൽ, പ്രത്യേകിച്ച് വിശുദ്ധ കുർബാനയിൽ മെത്രാനെയും വൈദികരെയും സഹായിക്കുക, വിവാഹം ആശിർവ്വദിക്കുക, സുവിശേഷം പ്രഘോഷിക്കുകയും പ്രസംഗിക്കുകയും ചെയ്യുക, മൃതസംസ്കാര ശുശ്രൂഷയ്ക്കു നേതൃത്വം നൽകുക എന്നിങ്ങനെ വിവിധ കർത്തവ്യങ്ങൾ അവർ സ്വീകരിക്കുന്നു (CCC 1578).

മൂന്നു പദവികളിലേക്കുമുള്ള തിരുപ്പട്ട കൂദാശയുടെ കാതലായ അനുഷ്ഠാനം കൈവയ്പ്പു ശുശ്രൂഷയാണ്. കൈവയ്പ്പു ശുശ്രൂഷയും പരിശുദ്ധാത്മാവിനെ വർഷിക്കലും, ശുശ്രൂഷയ്ക്കാവശ്യമായ ദൈവിക ദാനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയുമാണ്. തിരുപ്പട്ട കൂദാശ അപ്പസ്തോലിക ശുശ്രൂഷയുടെ കൂദാശയായതുകൊണ്ട് മെത്രാന്മാർക്കാണ് ഇതു നൽകാൻ കഴിയുന്നത്. മാമ്മോദീസ സ്വീകരിച്ചിട്ടുള്ള പുരുഷനു മാത്രമേ തിരുപ്പട്ടം സ്വീകരിക്കാനാകൂ (CCC 1573, 1576, 1577). സഭയിൽ ഇന്ന് ധാരാളം വൈദികരെ ആവശ്യമായുണ്ട്. ക്രിസ്തുവിന്റെ സ്നേഹസുവിശേഷവാഹകരാകുവാൻ നമ്മുടെ കർത്താവായ ക്രിസ്തു നിങ്ങളെ ഓരോരുത്തരെയും ക്ഷണിക്കുകയാണ്. സ്നേഹപൂർവ്വം ഈ വിളിക്ക് നമുക്ക് പ്രത്യുത്തരം നൽകാം. ■




# ഭൂതോച്ചാടനം



**ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ**

**ലെയോ പതിമൂന്നാമൻ പാപ്പയുടെ ഓർമ്മകൾ അയവിറക്കികൊണ്ടാണ് പുതിയ പാപ്പയായ ലെയോ പതിനാലാമന്റെ ഭരണ കാലഘട്ടം ആരംഭിക്കുന്നത്. തൊഴിലാളികൾക്കുവേണ്ടി സംസാരിച്ച ലെയോ പതിമൂന്നാമനെ 'തൊഴിലാളികളുടെ പാപ്പാ' എന്നാണ് ലോകം വിശേഷിപ്പിച്ചത്. സഭയിൽ പുരോഗമനപരമായ പല ചിന്തകൾക്കും തുടക്കമിട്ട ആൾ കൂടിയായിരുന്നു ലെയോ പതിമൂന്നാമൻ പാപ്പാ. ലോകമനഃസാക്ഷിയായായും പുരോഗമനചിന്താഗതികാരനായും ലെയോ പതിമൂന്നാമൻ വിശേഷിപ്പിക്കപ്പെടുമ്പോൾ ഈ കുറിപ്പിൽ അദ്ദേഹത്തിന്റെ ഓർമ്മകൾ സ്ഥാനം പിടിക്കാനുള്ള കാരണം അദ്ദേഹം രചിച്ച ഒരു പ്രാർത്ഥനയുടെ പേരിലാണ്. അതെ അതുമറ്റൊന്നുമല്ല; പൈശാചിക പീഡകൾക്കെതിരെ വിശുദ്ധ മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥനയാണ്. ഇതിപ്പോൾ ഇവിടെ സൂചിപ്പിക്കാൻ കാരണം തുടർന്നുവരുന്ന ഭാഗങ്ങളിൽ പരാമർശിക്കപ്പെടുന്നത് ഒരു ഭൂതോച്ചാടകന്റെ അനുഭവങ്ങളാണ്.**

പിശാചിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള നിലവിലുള്ള ധാരണകൾ ഏറെ തെറ്റിദ്ധാരണജനകമാണ്. ഒന്നുകിൽ എല്ലാ കുഴപ്പങ്ങൾക്കും കാരണം പിശാചാണ്; അല്ലെങ്കിൽ പിശാച് ഇല്ല എന്ന രീതിയിലുള്ള രണ്ടു തരം ചിന്തകളാണ് നമ്മുടെ സമൂഹത്തിൽ ഉള്ളത്. രണ്ടും ഒരുപോലെ അപകടകരമാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇങ്ങനെയൊരു സാമൂഹിക ചുറ്റുപാടിൽ സാത്താന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ബൈബിൾ വീക്ഷണവും സഭാത്മകവുമായ നിലപാടുകൾ മനസിലാക്കിയിരിക്കേണ്ടത് പൈശാചികവും അല്ലാത്തതുമായ അപകടങ്ങളെ നേരിടുന്നതിന് ഒരുവിശ്വാസിയെ സജ്ജമാക്കാൻ വേണ്ട അനിവാര്യമായ കാര്യമാണ്.

ഭൂതോച്ചാടനത്തെക്കുറിച്ചും ഭൂതാവേശത്തെക്കുറിച്ചുമുള്ള ആധികാരികമായ അറിവുകൾ നൽകുന്ന പുസ്തകങ്ങൾ എല്ലാം തന്നെ രചിക്കപ്പെട്ടിട്ടുള്ളത് ലത്തീൻ, ഇറ്റാലിയൻ, ഇംഗ്ലീഷ് മുതലായ അന്യഭാഷകളിൽ ആണ്. മലയാളത്തിൽ വളരെ കുറച്ചു പുസ്തകങ്ങൾ മാത്രമാണ് രചിക്കപ്പെട്ടിട്ടുള്ളത്. **ഈ വിഷയത്തിൽ പുറത്തിറങ്ങിയ പുസ്തകങ്ങളിൽ, വായിച്ചതിൽ ആധികാരികവും ബഹുതലസ്പർശിയായും തോന്നിയ പുസ്തകം ഡോ. മാത്യു ഇല്ലത്തുപറമ്പിലിന്റെ ഗുഢവിദ്യകൾ എന്ന പുസ്തകമാണ്.** സാത്താനുമായി ബന്ധപ്പെടുന്ന നിരവധി ഉപവിഷയങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. ദുർമേദസില്ലാത്ത ഭാഷയും ആധികാരികമായ സമീപനരീതി



*ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല. എന്നാൽ, എല്ലാം പഠിച്ചു കഴിയുമ്പോൾ അവൻ ഗുരുവിനെപ്പോലെ ആകും.*

ലൂക്കാ 6:40

കളും ഈ പുസ്തകത്തെ മറ്റു സാത്താൻ പഠന വായനകളിൽനിന്നും വ്യത്യസ്ഥമാക്കുന്നു.

മുകളിൽ പറഞ്ഞപോലെ **ഭൂതോച്ചാടനത്തെ** (exorcism) **പഠനവിഷയമാക്കുന്ന, മലയാളത്തിലേക്ക് തർജമ ചെയ്യപ്പെട്ടിരിക്കുന്ന ഒരു അന്യഭാഷാ പുസ്തകമാണ് ഫാ. ഗബ്രിയേൽ അമോർത്തിന്റെ ഒരു ഭൂതോച്ചാടകന്റെ അനുഭവങ്ങൾ എന്ന പുസ്തകം** (വിവ: ജിന്റോ മാത്യു, കോഴിക്കോട് : സോഫിയ ബുക്ക്സ്, (2023, reprint). മലയാളികളിൽ പലരും കൗതുകം കൊണ്ടും അക്കാദമിക താല്പര്യം കൊണ്ടും ഈ പുസ്തകം വായിച്ചിട്ടുണ്ട് (കഴിഞ്ഞയിടെ കണ്ടുമുട്ടിയ ഒരു മനഃശാസ്ത്ര പഠനവിദ്യാർത്ഥി ഈ പുസ്തകം വായിച്ചിരുന്നു എന്നു പറഞ്ഞതോർക്കുന്നു).

പിശാചിനെ തറപറ്റിച്ച ക്രിസ്തുവിന്റെ പ്രഥമസ്ഥാനം വിശ്വാസികളുടെ ജീവിതത്തിൽ ഉറപ്പുവരുത്തണമെന്ന താല്പര്യത്തോടെയാണ് ഈ പുസ്തകത്തിലെ ഒന്നാം പാഠം ആരംഭിക്കുന്നത്. രണ്ടാം പാഠത്തിൽ സാത്താന്റെ ശക്തിയെക്കുറിച്ചുള്ള മുന്നറിയിപ്പാണ് തരുന്നത്. ഈ പാഠത്തിന്റെ അനുബന്ധമായി ലെയോ പതിമൂന്നാമൻ പാപ്പായുടെ വിമോചന പ്രാർത്ഥനയും (deliverence prayer ) ഈ പ്രാർത്ഥന രചിക്കാനുള്ള സാഹചര്യവും പരാമർശിച്ചിരിക്കുന്നു. എന്താണ് ഭൂതോച്ചാടനം എന്നതാണ് മൂന്നാം പാഠത്തിന്റെ ഉള്ളടക്കം. ഭൂതോച്ചാടനവുമായി ബന്ധപ്പെട്ടുനിൽകുന്ന ഉപവിഷയങ്ങൾ ഇവിടെ പരാമർശിക്കപ്പെടുന്നു. ഭൂതോച്ചാടനവും (exorcism) സാത്താന്റെ ബന്ധനത്തിൽ നിന്നും മനുഷ്യാത്മാക്കളെ മോചിപ്പിക്കുന്ന വിമോചന പ്രാർത്ഥനയും (deliverence) വ്യത്യാസമുണ്ടെന്നുള്ള നീരിക്ഷണമാണ് ഈ അദ്ധ്യായത്തിലെ മുഖ്യമായ സന്ദേശം. നേരിട്ടുള്ള പൈശാചിക ബാധകൾ കുറവാകാമെങ്കിലും തിന്മയുടെ സ്വാധീനത്തിൽ ജീവിക്കുന്ന മനുഷ്യരുടെ എണ്ണത്തിൽ കാര്യമായുള്ള വർദ്ധനവുണ്ടാകുന്നു എന്ന നിരീക്ഷണമാണ് നാലാം അധ്യായം മുന്നോട്ടുവക്കുന്ന ചിന്തകൾ. സാത്താന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധമില്ലായ്മ, കൂദാശകളും പ്രാർത്ഥനകളും ഇല്ലാതെയുള്ള വിശ്വാസികളുടെ ജീവിതങ്ങൾ, ചില ജീവിത ശൈലികൾ എന്നിവ മനുഷ്യരുടെ ജീവിതത്തിൽ തിന്മകളുടെ സ്വാധീനം പ്രബലമാക്കുന്നു എന്ന് ഇവിടെ നിരീക്ഷിക്കപ്പെടുന്നു.

ഈ പുസ്തകത്തിലെ 5 മുതൽ 9 വരെയുള്ള പാഠങ്ങൾ ഫാ. ഗബ്രിയേൽ അമോർത്തിന്റെ ജീവിത അനുഭവങ്ങളിലൂടെയുള്ള കാഴ്ചപ്പാടുകളിൽ നിന്നും രൂപപ്പെട്ടിട്ടുള്ളതാണ്. വ്യക്തിപരമായ അനുഭവത്തിന്റെയും നിരീക്ഷണത്തിന്റെയും വെളിച്ചത്തിലാണ് ഈ പാഠഭാഗങ്ങൾ രൂപകല്പന ചെയ്തിട്ടുള്ളത്. ഭൂതോച്ചാടനത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള കാര്യങ്ങളാണ് ഈ പാഠഭാഗത്തിലെ ഉള്ളടക്കം. സാധാരണയായി പൈശാചിക ബാധയുടെ ലക്ഷണങ്ങളാണ് എന്നു പറയുന്ന കാര്യങ്ങൾ മാനസിക അസുഖങ്ങളുടെ ഫലമായും രൂപപ്പെടാൻ സാധ്യതയുള്ളതുകൊണ്ട് ഏഴാം പാഠം പൈശാചിക ബാധയുടെയും പൈശാചിക സ്വഭാവങ്ങളുടെയും രീതിയെ വിശകലനം ചെയ്യുന്നതാണ്. എട്ടാം പാഠം 'ഒരു പിശാചു ബാധിതന്റെ സാക്ഷ്യത്തിനായി' മാറ്റിവച്ചിരിക്കുന്നു.

മാനസിക അസ്വസ്ഥതകളുടെ കരണമല്ലെങ്കിൽ ഭൂതോച്ചാടന സമയത്തുമാത്രമേ ഒരാൾ ഭൂതാവിഷ്ടനാണെന്നു വെളിപ്പെടുകയുള്ളു എന്ന് ഫാ. അമോർത്തു നിരീക്ഷിക്കുന്നു. കാരണം ഭൂതാവിഷ്ടരായ ആളുകളിൽ മറഞ്ഞിരിക്കാൻ പിശാച് പരമാവധി ശ്രമിക്കുന്നു. ഇങ്ങനെ മറഞ്ഞിരിക്കുന്ന പിശാചിനെ പുറത്തുകൊണ്ടുവരാൻ ഭൂതോച്ചാടനത്തിനു കഴിയുന്നു. ഇതാണ് ഭൂതോച്ചാടനത്തിനെ ഫലദായകത്വം. ഒരാളിൽ ബാധിച്ചിരിക്കുന്ന പൈശാചിക ശക്തിയുടെ അളവനുസരിച്ചാണ് ഭൂതോച്ചാടനം ഒരാളിൽ സൗഖ്യം നൽകുന്നത്.

ഒരാളിൽ പ്രകടമാകുന്ന സൗഖ്യത്തിന്റെ അവസ്ഥകളും സൗഖ്യത്തിനായി രോഗി തുടർന്ന് ചെയ്യേണ്ട കാര്യങ്ങളുമാണ് ഒൻപതാം പാഠത്തിന്റെ ഉള്ളടക്കം.

ഭൂതോച്ചാടനത്തിനു ഉപയോഗിക്കുന്ന വസ്തുക്കളും അവയുടെ ഉപയോഗ രീതികളും വ്യക്തിയേതര ഭൂതോച്ചാടനങ്ങളും വിശകലനം ചെയ്യുന്നത് 10, 11 പാഠങ്ങളിലാണ്. ഒരാളിൽ പിശാച് ബാധക്ക് കാരണമാകുന്ന കാര്യങ്ങളാണ് ശാപവും (curse) മന്ത്രവാദവും. അതിനെക്കുറിച്ചുള്ള വിവരണങ്ങളും വിശകലനവുമാണ് 12, 13 പാഠങ്ങളുടെ ഉള്ളടക്കം.

എല്ലാ മേഖലകളിലും വ്യാജൻമാർ ഉള്ളതുപോലെ ഈ ശുശ്രൂഷ രംഗത്തും വ്യാജന്മാർ ഉള്ളതായി ഫാ. അമോർത്തു രേഖപെടുത്തുന്നു. അതിനാൽ പതിനാലാം പാഠത്തിലൂടെ അതിനാൽ ആർക്കൊക്കെയാണ് ഭൂതോച്ചാടനം നടത്താൻ സാധിക്കുകയെന്നും വ്യാജന്മാരെയും യഥാർത്ഥ ഭൂതോച്ചാടകരെ തിരിച്ചറിയേണ്ടതെന്നും വിശദമാക്കിയിരിക്കുന്നു. ഇന്ന് ഭൂതോച്ചാടനം പ്രായോഗികമായി അവഗണിക്കപ്പെടുന്ന ശുശ്രൂഷ മേഖലയാണ് അതിനാൽ സഭയിലെ ഭൂരിഭാഗം ആളുകളും അതിനെക്കുറിച്ച് ബോധവാന്മാരല്ല. അതിനാൽ രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം ഭൂതോച്ചാടന രംഗത്ത് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. പതിനഞ്ചാം പാഠത്തിലാണ് ഭൂതോച്ചാടന രംഗത്ത് നിലനിൽക്കുന്ന പരിമിതികളെക്കുറിച്ച് ഫാ. അമോർത്തു വ്യക്തമാക്കിയിരിക്കുന്നത്. ഈ പാഠത്തിന്റെ അനുബന്ധമായി ഇരണെവൂസിന്റെ ചിന്തകൾ ചേർത്തിരിക്കുന്നു. പതിനാറാം പാഠത്തിലെ പുതുക്കപ്പെടേണ്ട അജപാലന നിർദേശങ്ങളുടെ വിശ്വാസ തിരുസംഘത്തിന്റെ പ്രമാണരേഖ അനുബന്ധമായി ചേർത്ത് ഈ അനുഭവം വിവരണ പഠനം ഫാ. ഗബ്രിയേൽ അമോർത്ത് അവസാനിപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ കൂടി ചേർത്ത് ഞാനും ഈ കുറിപ്പ് അവസാനിപ്പിക്കുന്നു. 'എന്റെ ഭാഗത്തുനിന്നുള്ള യാതൊരു മേന്മയും കണക്കിലെടുക്കാതെ എനിക്ക് നൽകപ്പെട്ട ഈ കഴിവ് എന്റെ വൈദിക വൃത്തിയുടെ പൂർത്തീകരണം ആണെന്ന് ഞാൻ വിശ്വസിക്കുന്നു. അതായത് വിശുദ്ധ ബലിയർപ്പിക്കുകയും പ്രസംഗിക്കുകയും കുമ്പസാരം കേൾക്കുകയും ചെയ്യുന്നതുപോലെതന്നെ ആവശ്യമുള്ളപ്പോൾ ഞാൻ ഭൂതോച്ചാടനവും നടത്തുന്നു. സഹിക്കുന്ന അനേകരെ സഹായിക്കാൻ കഴിഞ്ഞതിൽ എനിക്ക് ചാരിതാർത്ഥ്യം ഉണ്ട്. സാധാരണ അജപാലന ശുശ്രൂഷയുടെ പ്രധാനപ്പെട്ട ഭാഗമായ ഒരു പ്രത്യേക ദൗത്യം ആണെങ്കിലും, ഈ കഴിവ് ഇല്ലായിരുന്നെങ്കിൽ ഞാൻ ഒരു പാതി വൈദികനായി എനിക്ക് അനുഭവപ്പെടുമായിരുന്നു.

■

## വിശ്വാസ പരിശീലന കമ്മീഷൻ അറിയിപ്പുകൾ

| | |
|---|---|
| **2025 ജൂൺ 1, ഞായർ** | ഇടവകതല വിശ്വാസ പരിശീലന ഉദ്ഘാടനം |
| **2025 ജൂൺ 8, ഞായർ** | ജൂബിലിവർഷ ബൈബിൾ രചനാദൗത്യം ഉദ്ഘാടനം - ഉൽപത്തി പുസ്തകം(ഇടവകതലം) |
| **2025 ജൂൺ 15, ഞായർ** | പുതിയ അദ്ധ്യാപകർക്ക് പരിശീലനം (രൂപതാതലം) |
| **2025 ജൂൺ 22, ഞായർ** | HM & Secretary Meeting (രൂപതാതലം) |
| **2025 ജൂൺ 29 ഞായർ** | പ്രൊമോട്ടേഴ്സിന്റെ ഒന്നാംഘട്ട യൂണിറ്റ് സന്ദർശനം ആരംഭം |



പത്രോസും അപ്പസ്തോലൻമാരും പ്രതിവചിച്ചു:
മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്.
അപ്പ 5:29



## കത്തോലിക്കാ സഭയെ അറിയാം... പഠിക്കാം...

# വിശുദ്ധരുടെ നാമകരണ നടപടിക്രമങ്ങൾ

അനി ജോസഫ്, കൂട്ടുകാട്

**ആദ്യ നൂറ്റാണ്ടുകളിലെ മതപീഡനകാലത്ത് വിശ്വാസത്തെ പ്രതി ജീവത്യാഗം ചെയ്ത ക്രിസ്തീയ രക്തസാക്ഷികൾക്ക് സഭ ആദരവ് (വണക്കം) നൽകിയിരുന്നു. ആ കാലഘട്ടങ്ങളിൽ ഇപ്രകാരം രക്തസാക്ഷികളായവർക്ക് പ്രത്യേക ചടങ്ങുകൾ ഒന്നുമില്ലാതെ തന്നെ സഭ അവരെ വണങ്ങിപോന്നു. എന്നിരുന്നാലും ആദിമ ക്രൈസ്തവർ ആ കാലഘട്ടത്തിൽ ജീവത്യാഗം ചെയ്തവരുടെ കൃത്യമായ ലിസ്റ്റ് തയ്യാറാക്കിയിരുന്നു. അവരുടെ പേര്, മരണദിനം, ആരുടെ മതമർദ്ധന കാലത്താണ് വധിക്കപ്പെട്ടത്, അവരെ സംസ്കരിച്ച സ്ഥലം ഇവയെല്ലാം ഇപ്രകാരം തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു. ഇപ്രകാരം തയ്യാക്കിയ പട്ടികയോടനുബന്ധിച്ചാണ് കാനനൈസേഷൻ (CANONISATION) എന്ന വാക്കുണ്ടായത്. ഔദ്യോഗികമായ പട്ടിക എന്നാണ് ഈ വാക്കിന്റെ അർത്ഥം. കാലക്രമേണ വിശുദ്ധരെ നാമകരണം ചെയ്യുന്ന നടപടി കാനനൈസേഷൻ എന്ന് അറിയപ്പെടാൻ തുടങ്ങി.**

വിശുദ്ധരുടെ നാമകരണ നടപടികൾ പരിശുദ്ധ സിംഹാസനത്തിന്റെ മാത്രം അധികാരപരിധിയിൽ പെട്ടതാണ് എന്ന് തീരുമാനമെടുത്തത് ബെനഡിക്ട് ഒമ്പതാമൻ പാപ്പയാണ്. അൾത്താരയിലെ വണക്കത്തിന് ഒരാൾ യോഗ്യൻ എന്ന് പ്രഖ്യാപിക്കപ്പെടുന്നതിനു മുമ്പ് അയാൾ ദൈവീക പുണ്യങ്ങളും സന്മാർഗിക പുണ്യങ്ങളും സുവിശേഷനുസൃത ജീവിതവും അനുഷ്ഠിച്ചിരുന്നു എന്ന് അസന്നിഗ്ദമായി തെളിയിക്കപ്പെടേണ്ടതാണ് എന്ന് തീരുമാനമെടുത്തത് ബെനഡിക്ട് പതിനാലാമൻ പാപ്പയാണ്. ഒരാൾ യോഗ്യനെന്നു പ്രഖ്യാപിക്കപ്പെടുന്നതിന് മുമ്പ് അയാളുടെ പുണ്യ ജീവിതത്തെ കുറിച്ചുള്ള പഠന റിപ്പോർട്ട് പരിശുദ്ധ സിംഹാസനം അംഗീകരിക്കേണ്ടതാണെന്ന കൽപന പത്താം പീയൂസ് പാപ്പ പുറപ്പെടുവിച്ചു. ബെനഡിക്ട് പതിനഞ്ചാമൻ പാപ്പയുടെ കാലത്ത് ലത്തീൻ കാനൻ നിയമ സംഹിത പുറപ്പെടുവിച്ചതോടെ വിശുദ്ധരുടെ നാമകരണ നടപടിക്ക് കൃത്യമായ ഒരു ഘടന രൂപീകൃതമായി. ഏറ്റവും കൂടുതൽ പേരെ നാമകരണം ചെയ്തത് ജോൺപോൾ രണ്ടാമൻ പാപ്പയാണ്.

നാമകരണ നടപടികൾ ആരംഭിക്കുന്നത് ബന്ധപ്പെട്ട വ്യക്തി മരണം വരിച്ച രൂപതയിൽ നിന്നാണ്. നാമകരണ നടപടികൾ ആരംഭിക്കാൻ ആളുടെ ജീവിതം യോഗ്യമാണോ എന്ന് പ്രാഥമികമായി അന്വേഷിക്കാൻ രൂപത അധ്യക്ഷൻ ഒരു വൈദികനെ നിയോഗിക്കുന്നു. ഈ വൈദികൻ മരണമടഞ്ഞ വ്യക്തിയുമായി ബന്ധമുള്ള ആളുകൾ, സ്ഥലങ്ങൾ, കത്തുകൾ, പുസ്തകങ്ങൾ, അദ്ദേഹവുമായി

ബന്ധപ്പെട്ടുള്ള അത്ഭുതങ്ങൾ ഉണ്ടെങ്കിൽ അവയെക്കുറിച്ചെല്ലാം അന്വേഷിച്ച് ഒരു റിപ്പോർട്ട് മെത്രാന് സമർപ്പിക്കുന്നു. റിപ്പോർട്ട് അനുകൂലമാണെങ്കിൽ നാമകരണ നടപടികളുടെ ആദ്യഘട്ടം തുടങ്ങും. തുടർന്ന് ഇതിനായി ഒരു പോസ്റ്റുലേറ്ററെ നിയമിക്കുന്നു. റോമിൽ വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള തിരുസംഘവുമായി ഔദ്യോഗികമായി ബന്ധപ്പെടുന്നത് ഈ പോസ്റ്റുലേറ്റർ ആയിരിക്കും. അദ്ദേഹത്തെ സഹായിക്കാൻ ആവശ്യമെങ്കിൽ വൈസ് പോസ്റ്റുലേറ്റർമാരെയും നിയമിക്കുന്നു. രൂപതയിൽ നാമകരണ നടപടികൾ ഔദ്യോഗികമായി ആരംഭിക്കുന്നതിന് മുമ്പ് റോമിൽ നിന്നുള്ള അനുവാദം ലഭിച്ചിരിക്കണം.

പ്രാഥമിക അന്വേഷണങ്ങൾക്ക് എല്ലാം ഒടുവിൽ ഔദ്യോഗികമായി നടപടിക്രമങ്ങൾ ആരംഭിക്കുമ്പോൾ ഈ വ്യക്തി ദൈവദാസൻ / ദാസി എന്ന് വിളിക്കപ്പെടും. ഇതിനെ തുടർന്നുണ്ടാവുന്ന രൂപത ട്രിബ്യൂണലിൽ നാല് അംഗങ്ങൾ ഉണ്ടാകും. പ്രിസൈഡിങ് ജഡ്ജ്,പ്രൊമോട്ടർ ഓഫ് ഫെയ്ത്ത്(വിശ്വാസ സംരക്ഷകൻ), നോട്ടറി, ഡിഫെൻഡർ (ഇദ്ദേഹം ഡെവിൾസ് അഡ്വക്കേറ്റ് എന്നും വിളിക്കപ്പെടുന്നു) ഇവരാണ് ആ നാല് പേർ.

ഈ കോടതിയാണ് ബന്ധപ്പെട്ട വ്യക്തി സുകൃത ജീവിതം നയിച്ചത് ആണോ എന്ന് പരിശോധിക്കുന്നത് ഈ വ്യക്തിയെപ്പറ്റി നേരിട്ട് അന്വേഷിക്കുകയും അതിന് സാഹചര്യമില്ലായെങ്കിൽ ചരിത്രാന്വേഷണം, ദൈവശാസ്ത്ര പഠനം തുടങ്ങിയവയെല്ലാം ഗാഢമായി പരിശോധിക്കുകയും കൂടാതെ അനുകൂലമായതും പ്രതികൂലമായതും എല്ലാം പഠന വിധേയമാക്കുകയും ചെയ്യും. ഇപ്രകാരം ശേഖരിക്കുന്ന രേഖകൾ റോമിലെ തിരുസംഘത്തിന് സമർപ്പിക്കാനായി ദൈവദാസന്റെ / ദാസിയുടെ സുകൃത ജീവിതത്തെ സമഗ്രമായി വിലയിരുത്തുന്ന ഡോക്യുമെന്റ് തയ്യാറാക്കുന്നു. പ്രസ്തുത രേഖകൾ നാമകരണ നടപടികൾക്കായുള്ള തിരുസംഘത്തിലെ ദൈവശാസ്ത്രജ്ഞൻമാർ വിലയിരുത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യും. റിപ്പോർട്ട് അനുകൂലമാണെങ്കിൽ ഈ വിവരം പരിശുദ്ധ സിംഹാസനത്തെ ഔദ്യോഗികമായി അവർ അറിയിക്കുന്നു. പരിശുദ്ധ സിംഹാസനം ഈ വ്യക്തിയുടെ വിരോചിത പുണ്യങ്ങൾ അംഗീകരിച്ച് പ്രഖ്യാപനം നടത്തുമ്പോൾ ഈ വ്യക്തി ധന്യൻ / ധന്യ എന്ന് വിളിക്കപ്പെടുന്നു. ധന്യനായ വ്യക്തിയുടെ മാധ്യസ്ഥം വഴി സംഭവിച്ച രോഗസൗഖ്യം അത്ഭുതമാണെന്ന് തെളിയപ്പെടുമ്പോൾ ഈ വ്യക്തി വാഴ്ത്തപ്പെട്ടവരുടെ നിരയിലേക്ക് ഉയർത്തപ്പെടുന്നു. ഒരത്ഭുതം സ്ഥിരീകരിക്കപ്പെട്ടതോടെ വാഴ്ത്തപ്പെട്ടവൻ / വാഴ്ത്തപ്പെട്ടവൾ ആയി ഉയർത്തപ്പെട്ട വ്യക്തിയുടെ മാധ്യസ്ഥതയാൽ സംഭവിക്കുന്ന രണ്ടാമത്തെ രോഗസൗഖ്യം കൂടി നിയമാനുസൃതമായ എല്ലാ പഠനങ്ങൾക്കും ഒടുവിൽ അത്ഭുതമാണെന്ന് തിരുസഭ അംഗീകരിക്കുമ്പോൾ ഈ വ്യക്തി വിശുദ്ധരുടെ നിലയിലേക്ക് ഉയർത്തപ്പെടുന്നു. “എല്ലാ വിശുദ്ധരുടെയും സമ്മേളനം ഇല്ലാതെ എന്താണ് സഭ? പുണ്യവാന്മാരുടെ കൂട്ടായ്മ തന്നെയാണ് സഭ” (CCC - 946).

■

## ഫാമിലി അപ്പസ്തോലേറ്റിന്റെ മെയ് മാസത്തെ പരിപാടികൾ

**13, 14 & 15 തീയതികളിൽവിവാഹ ഒരുക്ക കോഴ്സ്**

**15 – ാം തീയതി വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള സെമിനാർ** ( 2pm - 4 pm)



അവർ അപ്പസ്തോലൻമാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു.
അപ്പ 2:42

അയൽക്കൂട്ടം

ഏശയ്യാ 6:1-2:3-8



# ക്രിസ്തുശിഷ്യരെ ബലപ്പെടുത്തുന്ന ദിവ്യബലി



ഫാ. അജയ് ഷാജു കൈതത്തറ

**ഓരോ ഞായറാഴ്ചയിലും ആരാധനാ സമൂഹം നമ്മുടെ ദൈവാലയങ്ങളിൽ ഒത്തുകൂടുന്നു. അത് വൈവിധ്യമാർന്ന മനുഷ്യ വ്യക്തികളുടെ ഒത്തുചേരലാണ്. നെഹമിയ 8:10 ഇപ്രകാരം പറയുന്നു, "ഈ ദിവസം കർത്താവിനു വിശുദ്ധമാണ്. നിങ്ങൾ വിലപിക്കരുത്. അവിടുത്തെ സന്തോഷമാണ് നിങ്ങളുടെ ബലം." AD 96 ൽ റോമിലെ വി. ക്ലെമന്റ് പാപ്പാ കോറിന്തോസ് സഭയ്ക്ക് എഴുതിയ ലേഖനത്തിൽ വിശ്വാസ സമൂഹം എപ്രകാരമായിരിക്കണമെന്ന് പറയുന്നുണ്ട്, "നിങ്ങളോരോരുത്തരും സഹോദരങ്ങളെ നിങ്ങളുടെ പദവിക്കനുസരിച്ച് നല്ല മനഃസ്സാക്ഷിയോടുകൂടെ ബലിയർപ്പിക്കുക." തീർത്ഥാടകനായ യേശുനാഥന്റെ തീർത്ഥാടകയായ സഭയിലെ അംഗങ്ങളെന്ന നിലയിൽ ഈ ജൂബിലി വർഷം ചില ആത്മാവിൽ തൊടുന്ന തിരിച്ചറിവുകൾ ഓരോ ക്രൈസ്തവനും ഉണ്ടായിരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നുണ്ട്. ദൈവാത്മാവിന്റെ വാസകേന്ദ്രമായ നമ്മുടെ മനസ്സും ശരീരവും എപ്രകാരം ദൈവിക പദ്ധതികൾക്കനുസരിച്ച് ക്രമീകരിക്കണമെന്ന ബോധ്യത്തിലേക്ക് നമ്മെ സഹായിക്കുന്ന വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും ആത്മസമർപ്പണത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് നമുക്ക് വിചിന്തനം ചെയ്യാം.**

## ദൈവത്തിന്റെ ഉപകരണങ്ങളാകാൻ വിളിക്കപ്പെട്ടവർ

ദൈവത്തിന് നമ്മെക്കൊണ്ട് ആവശ്യമുണ്ട്. ദൈവം ലോകത്തെ നയിക്കുന്നത് നമ്മൾ മനുഷ്യരിലൂടെയാണ്. ദൈവം തന്റെ ഉപകരണമാകാൻ മനുഷ്യനെ തിരഞ്ഞെടുക്കുമ്പോൾ അത്രമേൽ ഉന്നതവും ശ്രേഷ്ഠവുമായ വിളിക്ക് താൻ യോഗ്യനല്ലെന്ന ബോധ്യത്തിൽ ദൈവസന്നിധിയിൽ നിലവിളിക്കുന്ന മനുഷ്യരെ വിശുദ്ധ ഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുന്നുണ്ട്. പഴയനിയമത്തിൽ ഏശയ്യാ പ്രവാചകൻ നിലവിളിക്കുന്നുണ്ട്, "ഞാൻ അശുദ്ധമായ അധരമുള്ളവനും, അശുദ്ധമായ അധരങ്ങളുള്ളവരുടെ മദ്ധ്യേ വസിക്കുന്നവനുമാണെന്ന്."-

പക്ഷേ ഒരു തീക്കനൽ ഏശയ്യായെ ശുദ്ധീകരിക്കുന്നു. അങ്ങനെ ആത്മാവിനാൽ ശക്തമാക്കപ്പെടുന്ന ഏശയ്യാ സമ്മതിക്കുന്നു, "ഇതാ ഞാൻ, എന്നെ അയച്ചാലും.'' ദൈവം എപ്പോഴും ഉപകരണങ്ങളെ അന്വേഷിക്കുന്നു. അവിടുത്തേക്ക് അതിന്റെ ആവശ്യമുണ്ട്. എന്തെന്നാൽ മനുഷ്യനിലേക്ക് ദൈവം അടുക്കുന്നത് മനുഷ്യനിലൂടെയാണ്. ദൈവിക ഉപകരണങ്ങളാകാൻ നാം ഏറെ കഴിവുള്ള വ്യക്തികളാകണമെന്നില്ല. വിശുദ്ധരുടെ ചരിത്രം അതാണ് നമ്മെ പഠിപ്പിക്കുന്നത്. ഭൗതിക തലത്തിൽ ഏറെ പ്രതിഭാധനന്മാരായ വി. അഗസ്തീനോസും വി. തോമസ് അക്വിനാസുമുണ്ടെങ്കിൽ, വളരെ ലളിത ജീവിതം നയിച്ച വി. അലക്സിസും വി. അലോഷ്യസുമുണ്ട്. അഗസ്തീനോസും ചാൾസ് ദെ ഫുക്കോയും പാപത്തിൽ നീരാടിക്കൊണ്ടിരുന്നപ്പോഴാണ് വിളിക്കപ്പെട്ടത്. ആയതുകൊണ്ട് മാനുഷിക കഴിവുകളേക്കാൾ ദൈവിക കൃപയാണ് ദൈവത്തിന്റെ ഉപകരണങ്ങളാകാൻ വിളിക്കപ്പെട്ടവരുടെ യോഗ്യത. കാരണം ദൈവത്തിന് നിന്നെക്കൊണ്ട് ആവശ്യമുണ്ട്.

## ആത്മീയ നവീകരണം

ഓരോ ക്രിസ്ത്യാനിയും അയയ്ക്കപ്പെട്ടിരിക്കുന്നത് തനിക്കു ലഭിച്ചത് മറ്റുള്ളവർക്കു പകർന്നു നൽകുന്നതിനാണ്. കൂട്ടായ്മയിൽ അവർ ഒരുമിച്ചുകൂടുമ്പോൾ ദൈവം തന്നെത്തന്നെ അവിടെ വെളിപ്പെടുത്തുന്നു. എവിടെ രണ്ടോ മൂന്നോ പേർ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും സ്തുതിക്കുകയും ചെയ്യുന്നുവോ, ദൈവം അവിടെയുണ്ടെന്ന് യേശു വാഗ്ദാനം ചെയ്തിട്ടുണ്ട്. ദൈവത്തിന്റെ അയയ്ക്കപ്പെട്ടവരെ അല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെ അനുദിനം വിശുദ്ധീകരിക്കുന്ന കൂദാശയാണ് വി. കുർബാന. ബലിയുടെ ആരംഭം നാം പാപം ഏറ്റുപറയുന്നു. സൃഷ്ടിയെന്ന നിലയിലുള്ള നമ്മുടെ അവസ്ഥയെക്കുറിച്ച് നാം ബോധവാന്മാരാകുന്നു. ദൈവത്തിൽ നിന്നുള്ള അകലം നാം തിരിച്ചറിയുന്നു. നമ്മുടെ പ്രവൃത്തികൾ എത്ര ശ്രേഷ്ഠമാണെങ്കിലും ദൈവിക കൂദാശകളുടെ സമ്പന്നതയിൽ അത് ഒന്നുമല്ല എന്ന ബോധ്യത്തിലേക്ക് നാം എത്തിച്ചേരുന്നു.

പ്രിയമുള്ളവരേ, സഭ ജൂബിലി വർഷത്തിലൂടെ കടന്നുപോകുമ്പോൾ ആഘോഷങ്ങളേക്കാൾ ഉപരിയായി ഇതൊരു സ്വയം നവീകരണത്തിന്റെ സമയമാണ്. ദൈവത്തിന്റെ സന്നിധിയിലേക്ക് തിരികെ മടങ്ങാനുള്ള സമയം. ദൈവിക ഉപകരണങ്ങളായി നമ്മെത്തന്നെ രൂപാന്തരപ്പെടുത്താനുള്ള സമയം. വി. പൗലോസ് അപ്പസ്തോലൻ ദാനങ്ങൾക്ക് ഉപയോഗിക്കുന്ന ഗ്രീക്കുപദമാണ് 'കാരിസ്മാത്താ.' എല്ലാ ദാനങ്ങളും നൽകപ്പെട്ടിരിക്കുന്നത് സഭയുടെ നന്മയ്ക്കു വേണ്ടിയാണ്. ദാനങ്ങൾ സഹോദര ശുശ്രൂഷയ്ക്കുമാണ്. വി. കൊച്ചുത്രേസ്യയെപ്പോലെ, വി. മദർ തെരേസയെപ്പോലെ ദൈവീക ദാഹത്തെ ശമിപ്പിക്കുവാനുള്ള ഉപകരണങ്ങളായി, കൂടെയുള്ളവരെ ചേർത്തുനിർത്തുവാനുള്ള ശക്തി അനുദിന ബലി വഴി നിങ്ങൾക്ക് ദൈവം നൽകുമാറാകട്ടെ..

**പ്രവർത്തനത്തിന്**

1. ***ഈ ജൂബിലി വർഷം അനുദിന ബലിയിൽ മുടങ്ങാതെ പങ്കെടുക്കുമെന്നുള്ള തീരുമാനം.***
2. ***ദൈവത്തോടും മനുഷ്യരോടും അകന്നു ജീവിക്കുന്നവരെ സഭയോട് ചേർത്തു നിർത്തുവാനുള്ള പ്രവർത്തനം.***

**ചർച്ചയ്ക്ക് :**

1. ***ബലിയിൽ നമ്മുടെ സജീവ പങ്കാളിത്തം സാധ്യമാകുന്നുണ്ടോ?***
2. ***മറ്റുള്ളവരെ ദൈവത്തിങ്കലേക്ക് ആകർഷിക്കത്തക്ക വിശ്വാസവും സ്നേഹവും എന്നിലുണ്ടോ?***

■



നാം അവന്റെ കല്പനകൾ പാലിച്ചാൽ അതിൽനിന്നു നാം
അവനെ അറിയുന്നുവെന്നു തീർച്ചയാക്കാം.

1 യോഹ 2:3

# രൂപത വാർത്തകൾ

## കോട്ടപ്പുറം രൂപതയിൽ ഫ്രാൻസിസ് പാപ്പ അനുസ്മരണ ദിവ്യബലി നടത്തി



ഫ്രാൻസിസ് പാപ്പയുടെ ആത്മശാന്തിക്ക് വേണ്ടി കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ അനുസ്മരണ ദിവ്യബലി നടത്തി. കോട്ടപ്പുറം ബിഷപ്പ് എമിരിറ്റസ് ജോസഫ് കാരിക്കശ്ശേരിയുടെ മുഖ്യ കാർമികത്വത്തിൽ നടന്ന ദിവ്യബലിയിൽ കോട്ടപ്പുറം രൂപതയിലെ എല്ലാ വൈദീകരും സഹകാർമ്മികരായി. രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് സന്യസ്തരും നൂറുകണക്കിന് അൽമായ വിശ്വാസികളും ബലിയർപ്പണത്തിൽ പങ്കുചേർന്നു.



## പുതിയ ഫൊറോന വികാരിമാർ

കോട്ടപ്പുറം രൂപതയിൽ പുതിയ ഫൊറോന വികാരിമാരായി ചുമതലയേറ്റ വെരി. റവ. ഫാ. ജോഷി കല്ലറക്കൽ (കോട്ടപ്പുറം ഫൊറോന), വെരി. റവ. ഫാ. ജൈജു ഇലഞ്ഞിക്കൽ (തൃശ്ശൂർ ഫൊറോന), വെരി. റവ. ഫാ. ജോസഫ് ഒളാട്ടുപ്പുറം (തുരുത്തിപ്പുറം ഫൊറോന), വെരി. റവ. ഫാ. ജാക്സൺ വലിയപറമ്പിൽ (ഗോതുരുത്ത് ഫൊറോന) എന്നിവർ അഭിവന്ദ്യ അംബ്രോസ് പുത്തൽവീട്ടിൽ പിതാവിനോടൊപ്പം.

## വിശ്വാസ പരിശീലന അദ്ധ്യയനവർഷ ഉദ്ഘാടനം 2025 – 2026

കോട്ടപ്പുറം രൂപത വിശ്വാസ പരിശീലന അദ്ധ്യയന വർഷം 2025 - 2026 ഉദ്ഘാടനം നടത്തപ്പെട്ടു. രൂപതാ ചാൻസിലർ റവ. ഫാ. ഷാബു കുന്നത്തൂർ പതാക ഉയർത്തി. പരിശുദ്ധ കുർബാനയ്ക്ക് വികാർ ജനറൽ വെരി റവ. മോൺ. റോക്കി റോബി കളത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. രൂപതാ വിശ്വാസ പരിശീലന ഡയറക്ടറി ഫിയാത്ത് കോട്ടപ്പുറം ഫോറോന വികാരി വെരി റവ. ഫാ. ജോസഫ് ഒളാട്ടുപുറം പ്രകാശനം ചെയ്തു.



## കോട്ടപ്പുറം രൂപതയിൽ അൾത്താര ബാലസംഗമം നടത്തി.



കോട്ടപ്പുറം വികാസിൽ വച്ച് നടത്തിയ അൾത്താര ബാലസംഗമത്തിൽ കോട്ടപ്പുറം രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ പിതാവിനോടൊപ്പം വി. ബലിയർപ്പിക്കാൻ വിവിധ ഇടവകയിൽ നിന്നും 331 അൾത്താര ബാലന്മാർ അണിനിരന്നപ്പോൾ.

## കോട്ടപ്പുറം രൂപത കെ. സി. വൈ. എം ലീഡേഴ്സ് മീറ്റ് 2025 നടത്തപ്പെട്ടു



കെ.സി.വൈ.എം കോട്ടപ്പുറം രൂപതയിലെ ഇടവക ഭാരവാഹികളുടെ നേതൃസംഗമം 'ലീഡേഴ്സ് മീറ്റ് 2025' കോട്ടപ്പുറം വികാസിൽ വെച്ച് നടത്തപ്പെട്ടു.

## സായംപ്രഭ രൂപികരണം



കോട്ടപ്പുറം രൂപതയുടെ സാമൂഹ്യസേവന വിഭാഗമായ കോട്ടപ്പുറം ഇൻറഗ്രേറ്റഡ് ഡെവലപ്പ്മെന്റ് സൊസൈറ്റി (KIDS KOTTAPURAM) യുടെ നേതൃത്വത്തിൽ കാര മൗണ്ട് കാർമ്മൽ ഇടവക പ്രദേശത്തുള്ള 60 വയസ് കഴിഞ്ഞ മാതാപിതാക്കളുടെ (വയോജന കൂട്ടായ്മ) സായംപ്രഭ രൂപീകരിച്ചു

## സമർത്ത് തഴപ്പായ ട്രെയിനിംഗ്

കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെൻറ് സൊസൈറ്റിയും കേന്ദ്ര ടെക്സ്റ്റൈൽ മിനിസ്ട്രിയും സംയുക്തമായി സംഘടിപ്പിച്ച സമർത്ത് തഴപ്പായ ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം കിഡ്സിൽ വച്ച് നടന്നു. 15 വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി.





നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ?

1 കൊറി 3:16

## സെഹിയോൻ 2024 : ബലി...വിരുന്ന്...ആനന്ദം

2024 – 2025 അദ്ധ്യയന വർഷത്തിൽ ഒരു വർഷം മുഴുവൻ മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുത്ത കുട്ടികളുടെ ഒരു സംഗമം വികാസ് ആൽബർട്ടൈൻ അനിമേഷൻ സെന്ററിൽ വച്ച് കൂടുകയുണ്ടായി. 185 ഓളം കുട്ടികൾ പരിപാടിയിൽ പങ്കെടുത്തു. Crhis Band എന്ന മ്യൂസിക് ബാന്റിന്റെ അരങ്ങേറ്റം സംഗമത്തിന് ആവേശം നൽകി. അഭിവന്ദ്യ പിതാവ് കുട്ടികളുമായി, കുട്ടികളിലൊരാളായി കളികളും പാട്ടുകളുമൊക്കെയായി കുറച്ചുസമയം ചെലഴിച്ചതിനു ശേഷം ഉച്ചഭക്ഷണത്തിലും കുട്ടികളോടൊപ്പം പങ്കുചേർന്നു.



## പിതാവിന്റെ ഡയറി – ജൂൺ 2025

| | | | | |
|---|---|---|---|---|
| 1\|06\|2025 | SUNDAY | 8:00AM | COFIRMATION | CHENDAMANGALAM |
| 2\|06\|2025 | MONDAY | 9:30AM | PREVESHNOLSAVAM | KOTTUVALLIKAD |
| 3\|06\|2025 | TUESDAY | 10:00AM | KCBC | |
| 4\|06\|2025 | WEDNESDAY | | KCBC | |
| 5\|06\|2025 | THURSDAY | | KICBC | |
| 7\|06\|2025 | SATURDAY | 10:30AM | JUBILEE MASS | CATHEDRAL |
| 9\|06\|2025 | MONDAY | 4:00PM | PRIESTS' SENATE | |
| 10\|06\|2025 | TUESDAY | 9:30AM | MASS AT SACRED HEART LATIN CHURCH | THRISSUR |
| 28\|06\|2025 | SATURDAY | 11:00AM | MASS @ GRACE HEAVEN | KUNDUKAD |
| 29\|06\|2025 | SUNDAY | 9:30AM | ST.DON BOSCO CHURCH | N.PARAVUR |
| | | 4:00PM | LOURDES MATHACHURCH PASTORAL VISIT | KURISINGAL |
| 30\|06\|2025 | MONDAY | | PASTORAL VISIT | KURISINGAL |

## ലോഗോസ് ക്വിസിന്റെ മെയ് മാസത്തെ ഉത്തരങ്ങൾ

1) ആട്ടിടയൻ. 2) സ്വത്തിൽ എന്റെ ഓഹരി. 3) മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു 4). നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം. 5) തീത്തോസിന്റെ 6) ദുഃഖിപ്പിച്ചുവെങ്കിലും. 7) ഒരുവന്റെ കഴിവനുസരിച്ചുള്ള ദാനം. 8) തങ്ങൾ നീതിമന്മാരാണ് എന്ന ധാരണയിൽ തങ്ങളിൽത്തന്നെ ആശ്രയിക്കുകയും മറ്റുള്ളവരെ പുച്ഛിക്കുകയും ചെയ്യുന്നവരോട്. 9) 300. 10) തന്റെ കൂട്ടുകാരനെയും സഹയോദ്ധാക്കളെയും വാൾകൊണ്ടു വെട്ടാൻ കർത്താവ് പാളയത്തിലെ ഭടന്മാരെ പ്രേരിപ്പിച്ചു. 11) വിജയിച്ചു തിരിച്ചു വരുമ്പോൾ ഈ ഗോപുരം ഞാൻ തകർത്തുകളയും. 12) കർത്താവ്. 13) കർണാഭരണങ്ങൾ. 14) നിർമ്മലമായ വധുവിന് അവളുടെ ഭർത്താവിനെന്നതുപോലെ ക്രിസ്തുവുമായി നിങ്ങളുടെ വിവാഹനിശ്ചയം ഞാൻ നടത്തി. 15) ലൗകിക കാര്യങ്ങളെപ്പറ്റി. 16) പൂർണ്ണചന്ദ്രനെ 17) കോപാവേശത്താൽ. 18) വിദ്വാസമ്പന്നൻ. 19) അനുഗ്രഹീതമാണ്. 20) ജീവൻ



ശരിയുത്തരങ്ങൾ അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത വിജയി

**ഗിൽഡ പോൾ,**
**മാനാഞ്ചേരിക്കുന്ന്**





# 2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം

**പഠിച്ചൊരുങ്ങാനുള്ള വചനഭാഗം**

▸ ന്യായാ 19 ▸ പ്രഭാ 44 ▸ എഫേ 1 ▸ ലൂക്കാ 21

1. എഫ്രായിം മലനാട്ടിലെ ഉൾപ്രദേശങ്ങളിൽ വന്നു താമസിച്ചിരുന്നത് ആര്?
2. "എന്തെന്നാൽ അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്ന് സംഭാവന ചെയ്തു. ഇവളാകട്ടെ തന്റെ – – – – – – നിന്ന്, ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചിരിക്കുന്നു."
3. കർത്താവ് ആദിമുതൽ തന്നെ തന്റെ – – – – – അവർക്ക് ഓഹരിയായി നൽകി.
4. തന്റെ മുൻപാകെ സ്നേഹത്തിൽ പരിശുദ്ധരും – – – – – – – ലോകസ്ഥാപനത്തിനു മുൻപുതന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു.
5. അവൾ അവനോടു പിണങ്ങി യൂദായിലെ ബെത്‌ലഹേമിലുള്ള ആരുടെ ഭവനത്തിലേക്കാണ് തിരികെ പോയത്?
6. അവൻ അവരോടു പറഞ്ഞു, "നിങ്ങൾ ഈ കാണുന്നവ – – – – – തകർക്കപ്പെടുന്ന സമയം വരുന്നു."
7. – – – – – – – – കർത്താവിനെ പ്രീതിപ്പെടുത്തി അവൻ ഉന്നതത്തിലേക്ക് സംവഹിക്കപ്പെട്ടു.
8. അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്ത് നമുക്ക് ക്രിസ്തുവിൽ എന്തൊക്കെയാണ് കൈവന്നിരിക്കുന്നത്?
9. അവന്റെ യജമാനൻ പറഞ്ഞു, "– – – – – – – – – – – അന്യനഗരത്തിൽ നാം പ്രവേശിക്കരുത്."
10. അനേക ജനതകളുടെ പൂർവ്വപിതാവായിരുന്നു – – – – – – – –.
11. വിജാതീയരുടെ നാളുകൾ പൂർത്തിയാകുന്നതു വരെ അവർ – – – – – – – ചവിട്ടിമെതിക്കും.
12. രക്ഷയുടെ സദ്‌വാർത്തയായ സത്യത്തിന്റെ വചനം ശ്രവിക്കുകയും അവളിൽ വിശ്വസിക്കുകയും ചെയ്ത നിങ്ങളും വാഗ്ദാനം ചെയ്യപ്പെട്ട – – – – – അവനിൽ മുദ്രിതരായിരിക്കുന്നു.
13. ബഞ്ചമിൻ ഗോത്രക്കാരുടെ പട്ടണമായ – – – – ൽ എത്തിയപ്പോൾ സൂര്യനസ്തമിച്ചു.
14. അവൻ കണ്ണുയർത്തി നോക്കിയപ്പോൾ, പൊതു സ്ഥലത്തിരുന്ന വഴിയാത്രക്കാരനെ കണ്ടപ്പോൾ അവൻ എന്താണു ചോദിച്ചത്?
15. ഇവ സംഭവിക്കാൻ തുടങ്ങുമ്പോൾ നിങ്ങൾ ശിരസ്സുയർത്തി നിൽക്കുവിൻ; എന്തെന്നാൽ നിങ്ങളുടെ – – – – – – – – സമീപിച്ചിരിക്കുന്നു.
16. സുഖലോലുപത, മദ്യാസക്തി, – – – എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും, ആ ദിവസം ഒരു കെണിപോലെ പെട്ടെന്നു നിങ്ങളുടെ മേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ.
17. – – – – – തികഞ്ഞ നീതിമാനായിരുന്നു.
18. എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള അനുഗ്രഹവും ഉടമ്പടിയും ആരുടെ ശിരസ്സിലാണ് അവിടുന്ന് വച്ചത്?
19. അവിടുത്തെ മഹത്വം പ്രകീർത്തിക്കുന്നതിനുള്ള അവകാശം നാം വീണ്ടെടുത്തു സ്വന്തമാക്കുന്നതു വരെ ആ അവകാശത്തിന്റെ അച്ചാരമാണ് – – – –.
20. സഭ അവന്റെ – – – – –, എല്ലാ വസ്തുക്കളിലും സകലവും പൂർത്തിയാക്കുന്ന അവന്റെ പൂർണ്ണതയുമാണ്.

**ഉത്തരങ്ങൾ ജൂൺ 15 – ാം തീയതിക്ക് മുൻപായി ഇമെയിൽ വഴിയോ, കത്ത് മുഖേനയോ പേരും സ്ഥലവും ഫോൺ നമ്പർ സഹിതം ഓഫീസിൽ അറിയിക്കേണ്ടതാണ്. ശരിയുത്തരങ്ങൾ അയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നു.**

**ഉത്തരങ്ങൾ അയക്കേണ്ട വിലാസം**

✉ didimoskottapuram@gmail.com

**എഡിറ്റർ, ദിദിമോസ്, കാറ്റിക്കിസം ഓഫീസ്, വികാസ്, കോട്ടപ്പുറം – 680 667**



യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും.

റോമാ 10 : 9



# സെന്റ് ഡോൺ ബോസ്കോ ചർച്ച്

## നോർത്ത് പറവൂർ



# തിരുഹൃദയ തിരുനാൾ 2025

2025 ജൂൺ 27 വെള്ളി 28 ശനി 29 ഞായർ

**9 വെള്ളിയാഴ്ച്ച ആചരണം**

**2025 മേയ് 2 മുതൽ ജൂൺ 27 വരെ**



## പറവൂർ മേഖല

## ബൈബിൾ കൺവെൻഷൻ

# എൽറൂഹാ

**2025 ജൂൺ**
**11 ബുധൻ മുതൽ**
**15 ഞായർ വരെ**
**5 pm - 9 pm**

**നവനാൾ ദിനങ്ങൾ**

**2025 ജൂൺ 17 മുതൽ 25 വരെ**

**13 മണിക്കൂർ ആരാധനാ ദിനം**

**ജൂൺ 26, വ്യാഴം**

**തിരുഹൃദയ ഊട്ടുതിരുനാൾ ദിനം**

**2025 ജൂൺ 29, ഞായർ**

ഏവർക്കും
സ്വാഗതം

# തിരുഹൃദയ ദൈവാലയം

## അരിപ്പാലം





## തിരുഹൃദയ തിരുനാൾ

**18 ബുധൻ** — 2025 ജൂൺ

നവനാൾ

ജൂൺ 18 ബുധൻ മുതൽ
ജൂൺ 26 വ്യാഴം വരെ

വൈകീട്ട് 7.00 ന്

ദിവ്യബലി, നൊവേന, ആരാധന

**27 വെള്ളി** — 2025 ജൂൺ

വൈകീട്ട് 6.00 ന്

കൊടികയറ്റം

**29 ഞായർ** — 2025 ജൂൺ

രാവിലെ 10.30 ന്

തിരുനാൾ ദിവ്യബലി

വൈകീട്ട് 6.00 ന് : ദിവ്യബലി

## വി. അന്തോണീസിന്റെ ഊട്ടുതിരുനാൾ

**1 ചൊവ്വ** — 2025 ജൂലൈ

രാവിലെ 6.15 ന്

ദിവ്യബലി, നൊവേന, ആരാധന

രാവിലെ 10.30 ന്

തിരുനാൾ ദിവ്യബലി

നൊവേന, ആരാധന

ഊട്ടുസദ്യ ആശിർവാദവും
വിതരണവും

വൈകീട്ട് 5.00 നും 7.00 നും

ദിവ്യബലി, നൊവേന, ആരാധന

**എല്ലാ ചൊവ്വാഴ്ചകളിലും** രാവിലെ 6.15 നും 10.30 നും വൈകീട്ട് 7.00 നും
ദിവ്യബലി, നൊവേന, ആരാധന

ഫാ. ബിജു പാലപ്പറമ്പിൽ (വികാരി)